"ഭരണഭാഷ - മാതൃഭാഷ"

DGE/12481/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 25-06-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സമഗ്രഗുണമേന്മ വിദ്യാഭ്യാസം അക്കാദമിക മാസ്റ്റർ പ്ലാൻ മാർഗ്ഗരേഖ നൽകുന്നത്- സംബന്ധിച്ച്

സൂചന :- സർക്കാർ ഉത്തരവ് (സാധാ) നം. 2182/2025/GEDN തീയതി. 22.03.2025.

*****

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. അക്കാദമിക മുന്നേറ്റം ലക്ഷ്യം വച്ച് തയ്യാറാക്കുന്ന പ്ലാനുകൾ 2025 ജൂൺ 30 നകം എല്ലാ സ്കൂളുകളിലും തയ്യാറാക്കേണ്ടതും പ്രവത്തനപദ്ധതികൾ പ്രവർത്തികമാക്കേണ്ടതുമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിൽ അക്കാദമിക മാസ്റ്റർ പ്ലാൻ, വിശദീകരണം, പൊതുഘടന, സ്കൂളുകൾക്ക് സ്വയം വിലയിരുത്താനുള്ള മാർഗ്ഗരേഖ എന്നിവ ചേർത്തിരിക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാൻ ഈ അധ്യയന വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനപുരോഗതി സമഗ്രപ്ലസിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തികമാക്കുന്നത് സംബന്ധിച്ച പരിശോധന വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിംഗിൽ ഉറപ്പുവരുത്തേണ്ടതാണ്.

Signed by Shanavas S
Date: 25-06-2025 10:57:08

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രധാനാധ്യപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമഗ്ര ശിക്ഷ കേരളം
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം
3. ഡയറക്ടർ, എസ്.ഐ.ഇ.ടി
4. ഡയറക്ടർ, സീമാറ്റ്
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ്

6. അസിസ്റ്റന്റ് കോർഡിനേറ്റർ വിദ്യാകിരണം

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മാർഗ്ഗരേഖ

ജൂൺ 2025



**പൊതുവിദ്യാഭ്യാസവകുപ്പ്**

***സമഗ്രഗുണമേന്മാവിദ്യാഭ്യാസം***

***അക്കാദമിക മാസ്റ്റർപ്ലാൻ***

–

***മാർഗ്ഗരേഖ***

*ജൂൺ-2025*

–

# ഭാഗം -1

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും ഈ മാറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി 06/01/2018 ൽ സ.ഉ(സാധാ).നം.100/2018/പൊ.വി.വ പ്രകാരം അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച പൊതുമാർഗ്ഗരേഖ ഉത്തരവായി എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. തുടർ വർഷങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളുകൾ വികസിപ്പിക്കുകയുണ്ടായി. 10/10/2023-ൽ പ്രൈമറിക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് സ.ഉ.(സാധാ)നം.153/2023/പൊവിവ പ്രകാരം ഉത്തരവിറക്കിയിരുന്നു. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന്, അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും, അക്കാദമിക ലക്ഷ്യങ്ങളും, വിഭവവിനിയോഗവും, പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു. എന്നാൽ, ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിനാലാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർപ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്.

### ക്ലാസ്സ്തല മാസ്റ്റർപ്ലാൻ

ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പൊതുവായ പഠന ആവശ്യകതകളും, വിഷയങ്ങളിലെ പഠനലക്ഷ്യങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആസൂത്രണമാണിത്. ഇത് അധ്യാപകർക്ക് ക്ലാസ് മുറിയിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള വഴികാട്ടിയാണ്.

### വ്യക്തിഗത മാസ്റ്റർപ്ലാൻ

ഓരോ കുട്ടിയുടെയും സവിശേഷമായ പഠനശേഷികൾ, താൽപ്പര്യങ്ങൾ, വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ്, അവർക്കാവശ്യമായ പ്രോത്സാഹനവും പഠന പിന്തുണയും അവസരങ്ങളും

ഒരുക്കുന്നതിനുള്ള സൂക്ഷ്മതല ആസൂത്രണമാണിത്. ഇത് ഓരോ കുട്ടിയെയും അവരുടെ പരമാവധി കഴിവുകളിലേക്ക് എത്തിക്കാൻ സഹായിക്കുന്നു.

ഓരോ കുട്ടിക്കും നൽകേണ്ട സവിശേഷ ശ്രദ്ധയും പിന്തുണയും കുട്ടിക്ക് ടീച്ചർ എങ്ങിനെ മെന്ററായി വർത്തിക്കണമെന്നതും വ്യക്തിഗത മാസ്റ്റർപ്ലാനിൽ നിന്നും മനസ്സിലാക്കാൻ കഴിയണം.

വ്യക്തിഗത മാസ്റ്റർപ്ലാൻ, ക്ലാസ് തല മാസ്റ്റർപ്ലാൻ, സ്കൂൾതല മാസ്റ്റർ പ്ലാനുകൾ പരസ്പരം ബന്ധിപ്പിച്ചും ഏകോപിപ്പിച്ചും നടപ്പിലാക്കുമ്പോൾ മാത്രമേ സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കാൻ സാധിക്കു.

## പ്രസക്തി

2025-26 അക്കാദമിക വർഷം സമഗ്രഗുണമേന്മാ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയ പ്രക്രിയയിലും മാറ്റങ്ങൾ ഇതിനകം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടു കൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതിക്കായി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ 22/03/2025 ൽ സ.ഉ(സാധാ).നം.2182/2025/പൊ.വി.വ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

സ്കൂൾവർഷാരംഭത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ, സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിവയുടെ പൊതുമാർഗ്ഗരേഖ പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കി സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. ഇതിലൂടെ കുട്ടികളിൽ വികസിക്കേണ്ട ധാരണകൾ പഠന പ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് എങ്ങനെയെല്ലാം വികസിപ്പിക്കാമെന്നതും പ്രധാനമാണ്. ഇക്കാര്യങ്ങളെല്ലാം അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമായി മാറേണ്ടതുണ്ട്. ആയതിനാൽ എല്ലാ വിദ്യാലയങ്ങളും ജൂൺ 30 നകം 2025-26 അക്കാദമിക വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കണം.

അങ്ങനെ വികസിപ്പിക്കുമ്പോൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളാണ് ഈ മാർഗ്ഗ രേഖയുടെ ഭാഗമായുള്ളത്. ഈ രേഖയെ ഒരു മികച്ച പഠനാനുഭവമാക്കിമാറ്റുന്നതിനും അതിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനും ഇപ്പോൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ ഘടനയിലും ഉള്ളടക്കത്തിലും ചില മെച്ചപ്പെടുത്തലുകൾ വരുത്തുന്നത് ഉചിതമാകും. ഓരോന്നിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തുകയും, മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

താഴെപറയുന്ന നിർദ്ദേശങ്ങൾ ഈ രേഖയെ കൂടുതൽ വ്യക്തവും പ്രായോഗികവുമാക്കാൻ സഹായിക്കും.

ക്ലാസ്സ്, വിഷയതലമാസ്റ്റർപ്ലാൻ, വ്യക്തിഗതമാസ്റ്റർപ്ലാൻ തുടങ്ങിയവ വികസിപ്പിക്കുന്നതിലേക്ക് പല

പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ

- സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ പദ്ധതികളും വിദ്യാലയ മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടതുണ്ട്.
- അതുപോലെ ജില്ലയുടെ തനതു പദ്ധതികൾ അതാത് ജില്ലയിലെ എല്ലാ വിദ്യാലയങ്ങളുടെയും അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ഓരോ വിദ്യാലയത്തിന്റെയും അക്കാദമിക ആവശ്യങ്ങൾ പരിഗണിച്ചും സാഹചര്യങ്ങൾ കണക്കിലെടുത്തും അതതു വിദ്യാലയത്തിന്റെ തനതും നൂതനവുമായ പദ്ധതികൾക്ക് അക്കാദമിക മാസ്റ്റർപ്ലാനിൽ പ്രാധാന്യം നൽകേണ്ടതുണ്ട്. ഉദാ: ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനത്തിന്റെ ഭാഗമായ മഞ്ചാടി പദ്ധതി, പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതി, ഗോത്ര, തീരദേശ, തോട്ടം മേഖലയിലെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി, അതിഥി തൊഴിലാളികളുടെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി തുടങ്ങിയവ.

<u>**സമഗ്രഗുണമേന്മാ വർഷം**</u>

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം 'സമഗ്രഗുണമേന്മാവർഷ'മായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറണം. ഇക്കാര്യത്തിൽ അധ്യാപകർക്ക് അതിപ്രധാനമായ ഉത്തരവാദിത്തമുണ്ട്.

കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ബൗധിക, മാനസിക, വൈകാരിക, സാമൂഹിക ഘടകവികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്.

അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം. അതിന് അറിവ് മാത്രം മതിയാകില്ല. വിവേകവും വിവേചനബുദ്ധിയും സഹജീവിസ്നേഹവും വിമർശനാത്മകബുദ്ധിയും എല്ലാം കുട്ടികളിൽ അങ്കുരിക്കുകയും വികസിക്കുകയും വേണം. ആ നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനും വികസിപ്പിക്കാനും കഴിയേണ്ടതുണ്ട്. മാനവീകതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷചിന്തയുടെയും ജനാധിപത്യബോധത്തിന്റെയും പ്രകാശത്തിലേക്കാണ് കുട്ടികൾ വളരേണ്ടത്. അത്തരം അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കുന്ന ഇടങ്ങളായി

സ്കൂൾ കാമ്പസ്സുകൾ മാറണം. എങ്കിലേ സ്വാംശീകരിക്കുന്ന അറിവുകൾ തിരിച്ചറിവായി വികസിക്കൂ. അറിവുണ്ടാകുകയും തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകാതെ പോവുകയും ചെയ്യുന്നു എന്നതാണ് പരമ്പരാഗത വിദ്യാഭ്യാസത്തിന്റെ പരിമിതിയായി പലരും ചൂണ്ടിക്കാട്ടുന്നത്.

ഔചിത്യബോധം, വിവേകം, വകതിരിവ്, കാര്യകാരണ ബന്ധപരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി തുടങ്ങിയവയൊക്കെ ഉണ്ടാകുമ്പോൾ മാത്രമേ ആർജ്ജിക്കുന്ന അറിവ് അർത്ഥപൂർണ്ണമാകൂ. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന നിലപാടുകളും മൂല്യങ്ങളും വളരെ പ്രധാനമാണ്. ഇത്തരം ചിന്തകൾ സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണം. അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കണം. എങ്കിലേ ആർജിക്കുന്ന അറിവ് ജീവിതത്തിൽ ആവശ്യാനുസരണം പ്രയോഗിക്കാനുള്ള കഴിവുണ്ടാകൂ. ഇതിനാകണമെങ്കിലോ ഉന്നതമായ അക്കാദമിക നിലവാരം ആവശ്യമാണ്.

പഠനമെന്നാൽ പരീക്ഷയെമാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലനക്കളരി കൂടിയാണ് വിദ്യാലയങ്ങൾ. നാം അഭിമാനിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ നിലപാടുകൾ വികസിക്കുന്നത് പൊതു ഇടമായ പൊതുവിദ്യാലയങ്ങളിലാണ്. സമൂഹത്തിൽ കാണുന്ന പലതരം തെറ്റായ പ്രവണതകൾക്കെതിരെയുള്ള നിലപാടുകൾ കൈക്കൊള്ളാനുള്ള പ്രാപ്തി കുട്ടികൾ നേടേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയെ കാണുന്നത്. ഇതിന്റെ ഭാഗമായാണ് സ്കൂൾ തുറന്ന ആദ്യത്തെ രണ്ടാഴ്ച ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും പൊതുവായ കാര്യങ്ങൾ കുട്ടികളുമായി സംവദിക്കണമെന്ന് സർക്കാർ തീരുമാനിച്ചത്. കാലവർഷം എന്നത് പകർച്ചവ്യാധികളുടെ കൂടി കാലമാണ്. ഈ കാലത്ത് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികൾ അറിയേണ്ടതുണ്ട്. മയക്കുമരുന്ന്/ ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിയേണ്ടകാര്യങ്ങൾ, വ്യക്തിശുചിത്വവും പരിസരശുചിത്വവും, ഹരിതകാമ്പസും എല്ലാം കുട്ടിയുടെ അറിവിന്റെയും ധാരണയുടെയും ഭാഗമാക്കണം. അതോടൊപ്പം ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം ഇവയെല്ലാം കുട്ടികളുടെ പരിഗണനാവിഷയങ്ങൾ ആക്കിമാറ്റണം. പൊതുമുതൽസംരക്ഷണം, നിയമാവബോധം, കാലാവസ്ഥാ മുൻകരുതൽ ഇവയും ചർച്ച ചെയ്യപ്പെടണം. ചിലയിടങ്ങളിലെങ്കിലും കുട്ടികൾ സംഘം ചേർന്ന് വൈകാരിക നിയന്ത്രണം ഇല്ലാതെ പെരുമാറുന്നത് കാണുന്നുണ്ട്. പരസ്പര സഹകരണത്തിന്റെ ഇടങ്ങളായി പൊതുവിദ്യാലയങ്ങൾ എങ്ങനെ മാറ്റാം എന്നതും കൂട്ടായി ആലോചിക്കേണ്ടതുണ്ട്. സാരോപദേശരീതിയിലല്ല ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ

ആകണം ഇതിലെ നല്ല അംശങ്ങൾ കുട്ടികളുടെ ബോധ്യമാക്കി മാറ്റേണ്ടത്. സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നിരവധി മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് വിഭാവനംചെയ്യുന്നു. അതിൽ ഏറ്റവും പ്രധാനം അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ്. എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങളാണ് ക്ലാസ് മുറികളിൽ നടപ്പാക്കേണ്ടത്. വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ ഫലപ്രദമായി നേടണമെങ്കിൽ അതിനുള്ള അക്കാദമിക ആസൂത്രണം സ്കൂളുകളിൽ നടക്കണം. ഫലപ്രദമായ ആസൂത്രണത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാവിദ്യാലയങ്ങളും ഉണ്ടാക്കണം എന്ന് നിർദ്ദേശിച്ചത്. പാഠ്യപദ്ധതി ചട്ടക്കൂട് നാം ജനകീയ ചർച്ചകളിലൂടെ പരിഷ്കരിച്ചു. അതനുസരിച്ച് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും മാറിയിട്ടുണ്ട്. നമ്മുടെ സ്കൂളുകളെല്ലാം സാങ്കേതിക വിദ്യാസൗഹൃദമായി മാറിയിട്ടുണ്ട്. ഇതെല്ലാം ഉൾച്ചേർത്തു കൊണ്ട് അക്കാദമിക മാസ്റ്റർപ്ലാനുകൾ വികസിപ്പിക്കേണ്ടതുണ്ട്.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മൂല്യനിർണയരീതിയിൽ വലിയമാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. കാണാപ്പാഠം പഠിച്ച് മാർക്ക് നേടിയത് കൊണ്ട് അതിജീവിക്കാവുന്ന ഒരു അവസ്ഥയിൽ അല്ല നിലവിലെ ലോക സാഹചര്യം. വിജ്ഞാന സമൂഹത്തിൽ പ്രശ്നനിർധാരണമാണ് പ്രധാനം. ഡാറ്റകളുടെ ശേഖരണവും വിശകലനവും അതിപ്രധാനമാണ്. ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയുന്നുണ്ടോ എന്നാണ് ഇന്ന് നോക്കുന്നത്. ആ തലത്തിലേക്ക് നമ്മുടെ മുഴുവൻ കുട്ടികളും ഉയരണം. അതനുസരിച്ച് മൂല്യനിർണയരീതി മാറണം. നിരന്തര മൂല്യനിർണയം പ്രധാനമാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. സമൂഹത്തിന്റെ പങ്കാളിത്തം വളരെ പ്രധാനമാണ്. കേരളീയ സമൂഹം കുട്ടികളുടെ വിദ്യാഭ്യാസത്തെ വളരെ പ്രാധാന്യത്തോടെയാണ് സമീപിക്കുന്നത്.

**സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ**

**1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.**

- 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.
- 1 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്നുറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം

കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക. അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്നുറപ്പുവരുത്തുക. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ (ഉദാ: ഗണിത പഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.
- പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമഗ്രപഠന പുരോഗതി രേഖ തയ്യാറാക്കി (Holistic Progress Document) ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

2. **മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക**

- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.
- മൂല്യനിർണ്ണയം എന്നത് കുട്ടികളെ തരംതിരിക്കാനുള്ള ഉപാധി എന്ന നിലയിലല്ല കാണേണ്ടത്. കുട്ടികളുടെ ശക്തിയെ കണ്ടെത്തി കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കാനും പരിമിതികളെ മറികടക്കാനും ആവശ്യമായ പഠന പിന്തുണ നൽകാനും അധ്യാപികയെ/സംവിധാനത്തെ സഹായിക്കുന്ന ഉപാധി എന്ന നിലയിൽ കൂടി പരിഗണിക്കുന്നു എന്നുറപ്പാക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയം കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക.
- മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്കോർ മുപ്പത് ശതമാനമാക്കി കേവലമായി നിജപ്പെടുത്തുക എന്നതല്ല വിഭാവനം ചെയ്യുന്നത്. എല്ലാ കുട്ടികളും അവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന സ്കോർ നേടുന്നു എന്നുറപ്പാക്കാനാണ് ലക്ഷ്യമിടേണ്ടത്.
- മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തു പരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. എൽ.പി, യു.പി ക്ലാസ്സുകളിൽ കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്.
- കുട്ടികളുടെ വിലയിരുത്തൽ നടത്തിയാൽ സഹിതം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്.
- <u>**മെന്ററിംഗ്:-**</u> മൂല്യനിർണ്ണയം അഥവാ വിലയിരുത്തൽ എന്നാൽ കുട്ടിയെ അറിയൽ ആണ്. കുട്ടിക്കാവശ്യമായ പിന്തുണ ഒരുക്കാൻ സംവിധാനത്തിനുള്ള സൂചകമായി വിലയിരുത്തലിനെ കാണണം. കുട്ടി പ്രതീക്ഷിച്ചതുപോലെ പ്രകടനം കാഴ്ചവയ്ക്കാതിരിക്കുന്നതിന് അക്കാദമികമായും അല്ലാത്തതുമായ കാരണങ്ങൾ ഉണ്ടാകാം. കുട്ടികൾക്ക് പല കാരണങ്ങളാലും ചിലപ്പോഴുണ്ടാകാനിടയുള്ള സമ്മർദ്ദം, ആകാംക്ഷ, പിരിമുറുക്കം എന്നിവയെല്ലാം ഘടകമാകാം. സാങ്കേതിക വിദ്യയുടെ അനഭലക്ഷണീയമായ ഉപയോഗം, ലഹരി തുടങ്ങിയ ഘടകങ്ങൾ എന്നിവയെല്ലാം കാരണങ്ങളാകാം. ഇത്തരം കാര്യങ്ങളിലേക്ക് സ്കൂൾ സമൂഹത്തിന്റെ ശ്രദ്ധ

ക്ഷണിക്കുന്ന സൂചകങ്ങളായും മൂല്യനിർണ്ണയത്തിനെ/വിലയിരുത്തലിനെ സമീപിക്കണം. അതുകൊണ്ടാണ് സ്കൂളിലെ 15-20 കുട്ടികളുടെ വ്യക്തിഗതമായ വ്യതിയാനങ്ങളടക്കം ശ്രദ്ധിക്കാൻ ഒരു ടീച്ചർ (മെന്റർ) ഉണ്ടാകണം എന്ന് വിഭാവനം ചെയ്തത്. മെന്ററിംഗിന് സഹായകമായ നിലയിൽ വിലയിരുത്തൽ പ്രക്രിയയെ വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. ശാസ്ത്രീയമായ മെന്ററിംഗ് രീതിശാസ്ത്രം എല്ലാ അധ്യാപകർക്കും ഉൾക്കൊള്ളാനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക (സ്കൂൾ തലത്തിൽ കൗൺസിലിംഗിൽ വൈദഗ്ധ്യമുള്ളവരുടെ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയുമാകാം)

**3.സാങ്കേതികവിദ്യാ സൗഹൃദവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക**

- സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമിൽ നടക്കുന്നു എന്നുറപ്പുവരുത്തുക.
- മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി എല്ലാ അധ്യാപകരെയും സജ്ജമാക്കുക.
- ആശയസ്വാംശീകരണം, ഗ്രഹണം എന്നിവയ്ക്കായി സാങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്നുറപ്പാക്കുക.

**4. ഭരണപരമായപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക**

- മികച്ചപഠനാനുഭവങ്ങൾ പഠന-ബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂമിൽ നടക്കുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തുക.
- പഠനപ്രവർത്തനത്തിനായി സാങ്കേതികവിദ്യാസഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്ന് സ്ഥാപനമേധാവി ഉറപ്പാക്കുക.
- മികച്ച പഠനാനുഭവങ്ങൾ സാങ്കേതികവിദ്യകൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.
- കുട്ടികളുടെ അക്കാദമിക ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം അനഭലക്ഷണീയമായ കാര്യങ്ങളിലേക്ക് വഴിമാറിപ്പോകുന്നില്ല എന്നുറപ്പാക്കാൻ സഹായകമായ നിലയിൽ മെന്ററിംഗ് പ്രക്രിയ ശക്തിപ്പെടുത്തുക.
- ആന്തരിക മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല നിരീക്ഷണ സംവിധാനം ഉറപ്പാക്കുക.
- കുട്ടികളുടെ സാമൂഹിക, അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി

അധ്യാപകരുടെ/ഓഫീസർമാരുടെ വിദ്യാലയ, ഭവനസന്ദർശനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

5. **അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG)/സബ്ജക്ട് കൗൺസിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ ചേരുകയും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ആവശ്യമായ അക്കാദമിക ആസൂത്രണം നടത്തുക.
- ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ (SRG) നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കി സ്വയം സജ്ജമാകലിനുള്ള സ്വയംശാക്തീകരണ പ്രവർത്തനങ്ങൾ വികസിപ്പിക്കുക.
- അധ്യാപകരുടെ പൊതുപരിശീലനങ്ങളിലും ക്ലസ്റ്റർ പരിശീലനങ്ങളിലും (അധ്യാപകസംഗമങ്ങളിൽ) പങ്കാളിത്തം ഉറപ്പാക്കുക.

6 . **വിദ്യാലയ സമിതികളും മറ്റുവകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക.**

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയസംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
- ജനകീയ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ രൂപപ്പെടുത്തുക.
- രക്ഷാകർതൃ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കൽ ആസൂത്രണം ചെയ്ത് അത് നിർവഹിക്കുക.
- ഗോത്രമേഖലകൾ, തീരദേശമേഖലകൾ, തോട്ടം മേഖലകൾ തുടങ്ങി പ്രത്യേക ശ്രദ്ധവേണ്ട മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുക.
- അതിഥി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നതിക്കായി സവിശേഷ പദ്ധതികൾ നടപ്പിലാക്കുക.
- നിശ്ചിത ഇടവേളകളിൽ സ്കൂൾതല പഠനോത്സവങ്ങൾ നടത്തുക.

7. **മറ്റുകാര്യങ്ങൾ**

- കുട്ടികൾക്ക് മികച്ച മാനസിക – വൈകാരിക – ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, നടപ്പാക്കുക.

- മയക്കമരുന്ന്, ലഹരി എന്നിവയ്ക്കെതിരായ നിലപാട് കൈക്കൊള്ളുന്നതിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- 'ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം' എന്ന പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.
- കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ വർഷാരംഭത്തിൽ സ്കൂളുകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിഷയങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുക.

ഈ ലക്ഷ്യങ്ങൾ സാർഥകമാക്കുന്നതിന് സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ആവശ്യമാണ്. അവധിക്കാല അധ്യാപക സംഗമത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് സൂചനകൾ നൽകിയിട്ടുണ്ടല്ലോ.

**അക്കാദമിക മാസ്റ്റർ പ്ലാൻ എന്ത് ?എന്തിന് ?**

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്തപ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. <u>ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാകലിനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.</u>

വ്യക്തിഗത, വിഷയതല, ക്ലാസ്സ്തല അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി അവ ഉദ്ഗ്രഥിച്ചാകണം സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടത്.

**തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ**

1. വിദ്യാലയത്തിന്റെ ദർശനം സംബന്ധിച്ച ധാരണ പ്രതിഫലിപ്പിക്കും.

2. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക മികവിനുള്ള വഴികൾ വരച്ചുകാട്ടും.

3. സംസ്ഥാന തലത്തിൽ തയ്യാറാക്കിയ സ്കീം ഓഫ് വർക്ക് അനുസരിച്ച് പഠനലക്ഷ്യങ്ങൾ - പൊതുവായതും, വിഷയാടിസ്ഥാനത്തിലുള്ളതും – ഉൾക്കൊള്ളും.

4. ജില്ലാടിസ്ഥാനത്തിലുള്ള പ്രത്യേക പദ്ധതികൾക്ക് ഇടമുണ്ടാകും.

5. ശിശു സൗഹൃദ ഗണിത പഠനം – 'മഞ്ചാടി ' പോലുള്ള അന്വേഷണാത്മക പ്രവർത്തനങ്ങൾക്ക് – നിർദ്ദേശിക്കപ്പെട്ടിടത്ത്- ഇടമുണ്ടാകും.

6. പ്രത്യേക ശ്രദ്ധ വേണ്ട വിഭാഗം കുട്ടികൾക്ക് (മലയോരം, തീരദേശം, തോട്ടംമേഖല തുടങ്ങിയ ഇടങ്ങളിൽ നിന്നും വരുന്ന കുട്ടികൾ, അതിഥി തൊഴിലാളികളുടെ മക്കൾ, ഭിന്നശേഷി വിദ്യാർത്ഥികൾ തുടങ്ങി) പ്രത്യേക പദ്ധതി ആവശ്യമാണെങ്കിൽ അതിനെല്ലാം ഇടമുണ്ടാകും.

7. വിദ്യാലയം മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യപൂർത്തീകരണത്തിനായി സ്വീകരിക്കേണ്ട വഴികളും തന്ത്രങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കും.

8. അക്കാദമിക പുരോഗതിയിലേക്കുള്ള പടവുകൾ വ്യക്തമാക്കും.

9. അക്കാദമിക വിഭവവിനിയോഗം, സാങ്കേതികവിദ്യയുടെ ഉപയോഗം, വിദ്യാലയ അക്കാദമിക സൂക്ഷ്മാസൂത്രണം, കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള മാർഗ്ഗരേഖയായി വർത്തിക്കും.

10. വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കും. പുതിയ ആശയങ്ങളും തന്ത്രങ്ങളും ഏതവസരത്തിലും ഉൾച്ചേർക്കാനുള്ള ഇടങ്ങൾ ഉണ്ടാകും.

അതായത് വിദ്യാലയത്തിന്റെ കാഴ്ചപ്പാട്, അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവവിനിയോഗം, പ്രവർത്തന പരിപാടികൾ ഇവയെല്ലാം യാഥാർത്ഥ്യബോധത്തോടെ ഉൾച്ചേർന്നതായിരിക്കും അക്കാദമിക മാസ്റ്റർപ്ലാൻ.

**അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട പൊതുധാരണകൾ**

1.പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമാകണം വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ.

2.മുഴുവൻ കുട്ടികളുടെയും അറിവിനെയും കഴിവിനെയും താല്പര്യത്തെയും ഉൾക്കൊള്ളുന്നതും മുന്നോട്ടുനയിക്കാൻ വഴികാട്ടുന്നതുമാകും അക്കാദമിക മാസ്റ്റർപ്ലാൻ.

3.വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടായിരിക്കണം മുൻഗണനകൾ നിശ്ചയിക്കുക.

4.ഹ്രസ്വകാല, മധ്യമകാല, ദീർഘകാല, പ്രവർത്തനപദ്ധതികൾ അടങ്ങിയതായിരിക്കും

അക്കാദമിക മാസ്റ്റർപ്ലാൻ.

5.തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർപ്ലാൻ അന്തിമരേഖയായിരിക്കില്ല. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, സാധ്യതകളുടെ അടിസ്ഥാനത്തിൽ ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ നവീകരിക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്ന രേഖയായിരിക്കും. പക്ഷെ കൂട്ടിച്ചേർക്കലുകൾ സ്കൂൾ മുന്നോട്ടുവെച്ച പൊതുകാഴ്ച്ചപ്പാടിനും പൊതുഘടനയ്ക്കും അകത്തു നിൽക്കുന്നതാകണം.

## ഭാഗം -2

## അക്കാദമിക മാസ്റ്റർപ്ലാനിന്റെ പൊതുഘടന

ഓരോസ്കൂളിന്റെയും സവിശേഷതയ്ക്കുള്ളിൽ നിന്നുകൊണ്ടാണ് ആ സ്കൂളിനാവശ്യമായ അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കേണ്ടത്. ഓരോ സ്കൂളിന്റെയും ആവശ്യകത, സാധ്യത, പരിമിതി എന്നിവ ആ സ്കൂളിന്റേത് മാത്രമായ സവിശേഷതയാണ്. അതുകൊണ്ട് തന്നെ ഓരോ സ്കൂളും വികസിപ്പിക്കുന്ന മാസ്റ്റർപ്ലാൻ മറ്റ് സ്കൂളുകളിൽ നിന്ന് സൂക്ഷ്മാംശങ്ങളിൽ വൈവിധ്യമുള്ളതായിരിക്കും. ഈ വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ആയതിനാൽ സ്കൂളിന്റെ തനത് ആവശ്യങ്ങൾ ഉൾക്കൊള്ളാൻ അക്കാദമിക മാസ്റ്റർപ്ലാനിന് കഴിയണം. വ്യക്തിതല, വിഷയതല, ക്ലാസ്സ്തല മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ സൂക്ഷ്മതല വിശദാംശങ്ങൾ തയ്യാറാക്കാൻ കഴിയും. ഇവയെല്ലാം ഉൾച്ചേർത്ത് സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കാം.

**പൊതുഘടന (സംക്ഷിപ്തം)**

**ആമുഖം**

-

1. **കാഴ്ചപ്പാടും പ്രവർത്തന ദിശയും**

- തുടർന്ന് വരുന്ന അധ്യയന വർഷങ്ങളിൽ വിദ്യാലയം അക്കാദമികമായി എവിടെ എത്താനാണ് ആഗ്രഹിക്കുന്നത് എന്നത് വ്യക്തമായ പ്രസ്താവന രൂപത്തിൽ നൽകണം.
- പ്രധാന ലക്ഷ്യങ്ങൾ (Mission & goals) കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യം വെയ്ക്കുന്ന കാര്യങ്ങൾ അക്കമിട്ട് പറയണം.
- സംസ്ഥാനതല പരിപാടികളുമായുള്ള ഏകോപനം സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങളുമായി വിദ്യാലയത്തിന്റെ മാസ്റ്റർപ്ലാൻ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
- വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മറ്റ് സംസ്ഥാനതല പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ വിദ്യാലയങ്ങൾ എങ്ങനെ നടത്തുമെന്നു രേഖപ്പെടുത്തണം

- പുനരവലോകന പശ്ചാത്തലം മുൻ വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങളുടെ സത്യസന്ധമായ വിലയിരുത്തലും അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം വരുത്തിയ മാറ്റങ്ങൾ.

2. **അവസ്ഥാ വിശകലനവും മുൻഗണനകളും**

- നിലവിൽ വിദ്യാലയത്തിന്റെ ശക്തി, ദൗർബല്യങ്ങൾ, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ പരിശോധിക്കൽ.
- പഠനലക്ഷ്യം, അതാത് ക്ലാസ് നിലവാരത്തിലെ ശേഷികൾ എന്നിവ കുട്ടികൾ നേടിയിട്ടുണ്ടോ.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾ.
- അക്കാദമിക നിലവാരം ഉയർത്തുന്നതിന് സഹായകമായ ഭൗതീക സാഹചര്യങ്ങൾ-പരിമിതികൾ.
- അധ്യാപക ശാക്തീകരണത്തിലെ പങ്കാളിത്തം.
- സമൂഹ പങ്കാളിത്തം.
- മുൻഗണനാ ക്രമത്തിലുള്ള പ്രശ്നങ്ങൾ.
- എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് തിരിച്ച് അക്കാദമിക പ്രശ്നങ്ങൾ പട്ടികപ്പെടുത്തൽ.
- പ്രശ്നത്തിന്റെ കാരണങ്ങൾ കണ്ടെത്തൽ.

3. **ലക്ഷ്യങ്ങൾ (ഹ്രസ്വകാലം, ദീർഘകാലം)**

- അവസ്ഥാ വിശകലനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുക. അളക്കാൻ കഴിയുന്ന സമയബന്ധിതമായ ലക്ഷ്യങ്ങൾ നിശ്ചയിക്കുക.
- ഹ്രസ്വകാലം (ഒന്നോ രണ്ടോ ടേം/ഒരു അധ്യയന വർഷം കൊണ്ട് നേടാൻ കഴിയുന്നവ)
- ദീർഘകാലം (ഒന്നോ രണ്ടോ/അതിലധികമോ അധ്യയന വർഷം കൊണ്ട് നേടാൻ കഴിയുന്നവ)

4. **പ്രവർത്തന പദ്ധതി**

പ്രവർത്തനങ്ങളെ വിവിധ തലങ്ങളായി നിശ്ചയിച്ച് എഴുതണം.

1. പൊതുവായ പ്രവർത്തനങ്ങൾ

വിദ്യാലയത്തിലെ പൊതുവായി നടത്തുന്ന പ്രവർത്തനങ്ങൾ - സ്കൂളിലെ എല്ലാ

വിദ്യാർത്ഥികൾക്കും ബാധകമായ പ്രവർത്തനങ്ങൾ

പ്രവർത്തനഘടന താഴെ പറയുന്ന വിധത്തിൽ എഴുതാം

1. പ്രവർത്തനത്തിന്റെ പേര്
2. ലക്ഷ്യം
3. കാലയളവ്-ആരംഭിക്കുന്ന തീയതി അവസാനിക്കുന്ന തീയതി
4. ചുമതല-നിർവഹണ ചുമതല
5. സാമ്പത്തികം- ആവശ്യമായ ഫണ്ട് ഉറവിടം

5. **വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം**

- ജില്ലാതല പരിപാടികൾ

നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവയുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഡിഡിഇ/ജില്ലാ പഞ്ചായത്ത്/ഡയറ്റ്/പഞ്ചായത്ത്, മുൻസിപ്പാലിറ്റി (പ്രോജക്റ്റുകൾ)

- സാമൂഹിക പങ്കാളിത്തം

പിടിഎ/എസ്.എം.സി, പൂർവ വിദ്യാർത്ഥി സംഘടന, മറ്റ് സംഘടനകൾ എന്നിവരുടെ പങ്കാളിത്തം – അവരുടെ പ്രവർത്തനങ്ങൾ എങ്ങനെ സ്കൂളിൽ.

6. **പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും**

- പ്രവർത്തന കലണ്ടർ

സ്കൂൾ തലത്തിൽ എഎംപി നടപ്പാക്കുന്നതിന് പ്രവർത്തനങ്ങൾ കലണ്ടറും ചുമതലാ വിഭജനവും ഉണ്ടാകണം.

പ്രവർത്തന പുരോഗതി വിലയിരുത്തൽ

സ്റ്റാഫ് മീറ്റിംഗ്

എസ്.ആർ.ജി

പി.റ്റി.എ

വിലയിരുത്തൽ എങ്ങനെ

നിരന്തരമായി ഓരോ പ്രവർത്തനവും വിലയിരുത്തി മുന്നേറുന്നതിന്

സഹായകമായ സ്കൂൾ സംവിധാനം

7. **ഉപസംഹാരം**

അക്കാദമിക മാസ്റ്റർപ്ലാൻ സമഗ്രവും കാലികവുമാക്കുന്നതിനും നടപ്പാക്കുന്നതിന് ആവശ്യമായ സ്കൂൾ പരിപാടി ശുഭാപ്തി വിശ്വാസത്തോടെ നടപ്പാക്കാൻ സഹായകമായ ഉപസംഹാരം.

**<u>ചുവടെ പറയുന്ന വിശദാംശങ്ങളും പരിഗണിക്കാം</u>**

1. ആമുഖത്തിൽ മേൽ സൂചിപ്പിച്ച കാര്യങ്ങൾക്കൊപ്പം ചുവടെപറയുന്ന കാര്യങ്ങളും ആകാം.

i. സ്കൂളിനെ ചുരുങ്ങിയവാക്കുകളിൽ സമഗ്രമായി പരിചയപ്പെടുത്തുകയും സ്കൂളിലെ മൊത്തം വിദ്യാർത്ഥികൾ, അധ്യാപകരുൾപ്പടെയുള്ള ജീവനക്കാർ എന്നിവരുടെ എണ്ണം, ആകെ ക്ലാസുകൾ എന്നിവയെല്ലാം ഈ ഭാഗത്ത് പട്ടികപ്പെടുത്താം. കൂടാതെ സ്കൂൾ പരീക്ഷാഫലം, നേടിയ മറ്റ് നേട്ടങ്ങൾ എന്നിവയും പട്ടികപ്പെടുത്താം.

ii.സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാനപരിമിതിയും ആമുഖത്തിൽ രേഖപ്പെടുത്താം.

iii. സ്കൂൾ, ഭാവിയിൽ എങ്ങനെയായിത്തീരണം, എങ്ങനെയാണ് ഈ സ്കൂൾ സമൂഹത്തിന്റെ വിശ്വാസ്യതയുള്ള പൊതുവിദ്യാലയമായി മാറുക എന്നതിന്റെ സൂചന നൽകാം.

**സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ചില പ്രധാനപ്പെട്ട പൊതുലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്:**

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
- 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിതനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹികമൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.
- 1 മുതൽ 12 വരെക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.
- എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ

യഥാസമയം നൽകുക. അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്ന് ഉറപ്പുവരുത്തുക. വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ (ഉദാ: ഗണിതപഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.

- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദിഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ-പുരുഷബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ലിംഗപദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസ്സും ജൈവവൈവിധ്യ ഉദ്യാനമാക്കിമാറ്റുക.
- പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുപ്പെടെ ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമഗ്ര പഠനപുരോഗതി രേഖതയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.
- മൂല്യനിർണ്ണയരീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക.
- സംഘപഠന മുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി

മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയവും കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് എന്ന് ഉറപ്പാക്കുക.

- മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്കോർ മുപ്പത് ശതമാനമാക്കി നിജപ്പെടുത്തുക എന്നതല്ല വിഭാവനം ചെയ്യുന്നത്. എല്ലാ കുട്ടികളും അവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന സ്കോർ നേടുന്നു എന്നുറപ്പാക്കാനാണ് ലക്ഷ്യമിടേണ്ടത്.
- മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തുപരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. എൽ.പി, യു.പി ക്ലാസ്സുകളിൽ കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഹൈസ്കൂൾ തലത്തിൽ വിഷയാടിസ്ഥാനത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ ആകാം.
- കുട്ടികളുടെ വിലയിരുത്തൽ നടത്തിയാൽ, അത് സഹിതം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്

ഇതുപോലെ പൊതുലക്ഷ്യങ്ങൾ പട്ടികപ്പെടുത്താം.

**<u>സ്കൂൾ സമൂഹത്തിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പട്ടികപ്പെടുത്താനുള്ള രേഖയല്ലിത്. നടപ്പാക്കണമെന്ന് തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്ന ഒരു രേഖയാണിത്.</u>**

ഓരോ സ്കൂളിന്റെയും സാധ്യതക്കനുസരിച്ച് ചുവടെ കൊടുത്തിട്ടുള്ള മറ്റ് ലക്ഷ്യങ്ങളും പട്ടികപ്പെടുത്താം ഉദാഹരണത്തിന്,

1. വിദ്യാലയ ക്യാമ്പസുകളെ മദ്യം, മയക്കമരുന്ന് മുക്തമാക്കുക.
2. പാഴ്‌വസ്തുക്കൾ പരിപാലന പദ്ധതികൾ - ശുചിത്വവിദ്യാലയം
   ഹരിതവിദ്യാലയം - അടക്കം കാര്യക്ഷമമായി നടപ്പാക്കുക.
3. വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക.

ഈ പൊതുലക്ഷ്യങ്ങളടക്കം സാർത്ഥകമാകുന്ന സമഗ്രഗുണമേന്മാ വിദ്യാലയ-വികസന പദ്ധതിയുടെ വിശദാംശങ്ങളാണ് തുടർന്ന് എഴുതേണ്ടത്. ഇതിൽ ആദ്യമായി അക്കാദമിക പ്രവർത്തനങ്ങൾ സംബന്ധിച്ച ആസൂത്രണമാകാം.

### 3. അക്കാദമിക പ്രവർത്തനങ്ങൾ

എല്ലാവിധ അക്കാദമിക പ്രവർത്തനങ്ങളും ഇവിടെ രേഖപ്പെടുത്തണം. വിഷയബന്ധിതമായി രേഖപ്പെടുത്തുന്നത് സൂക്ഷ്മതലത്തിലുള്ള ആസൂത്രണത്തിന് സഹായകമാവും. ഇങ്ങനെ

തയ്യാറാക്കുമ്പോൾ ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഘട്ടങ്ങളുടെ സവിശേഷതകൾ കൂടി പരിഗണിച്ചാകണം ലക്ഷ്യങ്ങൾ നിർവചിക്കേണ്ടതും അതനുസരിച്ച പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കേണ്ടതും. ഇങ്ങിനെ ചെയ്യുമ്പോൾ ഈ ഓരോ ഘട്ടങ്ങളും പ്രത്യേകം അധ്യായങ്ങളായി സ്കൂൾതല മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്യുമ്പോൾ സവിശേഷ കഴിവുള്ള കുട്ടികളുടെ പഠനാവശ്യങ്ങൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്. കൂടാതെ ഗോത്ര, തീരദേശ, തോട്ടം മേഖലയിലെ കുട്ടികൾ, അതിഥി തൊഴിലാളികളികളുടെ കുട്ടികൾ എന്നിവരുടെ പഠനത്തുടർച്ചയും ഗുണമേന്മാ വിദ്യാഭ്യാസവും അഭിമുഖീകരിക്കേണ്ടതുണ്ട്. കുട്ടികൾ തുടർച്ചയായി സ്കൂളിൽ എത്തുന്നില്ലെങ്കിൽ അക്കാര്യം പ്രത്യേകം പരിഗണിക്കണം. വിവിധവകുപ്പുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഓരോ പ്രവർത്തന പദ്ധതിയും ആസൂത്രണം ചെയ്തവിധം സമയബന്ധിതമായും ഉദ്ദേശിച്ച ലക്ഷ്യം സാധിതമാകുന്നു എന്നുള്ളതും ഉറപ്പാക്കാനാവശ്യമായ സ്വയം വിലയിരുത്തൽ രീതിശാസ്ത്രവും പദ്ധതിയും ഇതോടൊപ്പം രേഖപ്പെടുത്തണം. വിഷയതലത്തിൽ, ക്ലാസ് തലത്തിൽ, വിദ്യാർത്ഥിതലത്തിൽ സൂക്ഷ്മമായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി അതിന്റെ തുടർച്ച എന്ന നിലയിൽ സ്കൂൾ തല മാസ്റ്റർ പ്ലാൻ വികസിപ്പിക്കാവുന്നതാണ്.

**ഭാഷാവികാസം**

**I. വിഷയം-മാതൃഭാഷ**

**ലക്ഷ്യങ്ങൾ**

1) എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്നു ഉറപ്പാക്കുക.

2) എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

3) കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.

4) സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5) ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടുക.

6) ഭാഷാശേഷിവികാസത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

ഇതുപോലെ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപര്യമുണ്ടെങ്കിൽ അത് ലക്ഷ്യങ്ങളുടെ കൂടെ കൂട്ടിച്ചേർക്കാവുന്നതാണ്.

<u>ലക്ഷ്യപ്രസ്താവന നടത്തിയാൽ അവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കണം</u>

(ഉദാഹരണമായി ഏതാനും പ്രവർത്തനങ്ങൾ ഇവിടെ ചേർക്കുന്നു. ഇത് ഒരു മാതൃക എന്നരീതിയിൽ അവതരിപ്പിക്കുന്നതാണ്. ഓരോ സ്കൂളും ഇതിൽ കൊടുത്ത പ്രവർത്തനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. അവരവരുടെ സാധ്യതയ്ക്കനുസരിച്ച് ഓരോ പ്രവർത്തനങ്ങളും വിപുലപ്പെടുത്തുകയോ കൂടുതൽ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കുകയോ ആകാം.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

ഓരോ ലക്ഷ്യവും നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ, താഴെ പറയുന്ന ഘടനയിൽ വ്യക്തമാക്കണം. ഓരോ പ്രവർത്തനത്തിനും ആസൂത്രണം ചെയ്യുമ്പോൾ, 'എങ്ങനെ നടപ്പിലാക്കണം', 'ആരാണ് ഉത്തരവാദി', 'എപ്പോഴാണ് നടപ്പിലാക്കേണ്ടത് (സമയപരിധി)', 'വിജയം എങ്ങനെ അളക്കാം' (മോണിറ്ററിംഗ് സൂചകങ്ങൾ) എന്നീകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

- **അർത്ഥപൂർണ്ണമായ വായന (ആശയഗ്രഹണ വായന) ഉറപ്പാക്കുക:**

1. പത്രവായനയും വിശകലനവും: പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക, വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ചചെയ്യുക, ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരമൊരുക്കുക.
2. ആഴ്ചപ്പതിപ്പുകൾ/മാസികകൾ വായനയും വിശകലനവും: ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
3. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ: ആഴ്ചയിലൊരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. പുസ്തകക്കുറിപ്പ് തയ്യാറാക്കൽ, പുസ്തകത്തിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്കാരങ്ങൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. വായനാക്കൂട്ടം: പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക.
5. വായനാവാരാചരണം, പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

- **ആശയവിനിമയശേഷി വികസിപ്പിക്കുക:**

1. പൗരപ്രമുഖരുമായുള്ള സംവാദം: സംവാദത്തിനായുള്ള തയ്യാറെടുപ്പ് നടത്തുക, പൗരപ്രമുഖരെ സ്കൂളിലേക്ക് ക്ഷണിക്കുക, സംവാദത്തിനു ശേഷം അത് സംബന്ധിച്ച കുറിപ്പ് തയ്യാറാക്കുക.
2. സംവാദ സദസ്സുകൾ: വിവിധ വിഷയങ്ങളിൽ സംവാദ സദസ്സുകൾ സംഘടിപ്പിക്കുക.

3. പ്രസംഗ മത്സരങ്ങൾ, ഉപന്യാസ രചനമത്സരങ്ങൾ നടത്തുക.
4. കുട്ടികളുടെ ആകാശവാണി: വിശേഷദിനങ്ങൾ, ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകപരിപാടികൾ, നാട്ടുവാർത്തകൾ, രാജ്യവാർത്തകൾ, ലോകവാർത്തകൾ, കൗതുകവാർത്തകൾ, കായികവാർത്തകൾ, വിജ്ഞാനവീഥി, പ്രഭാഷണങ്ങൾ, അറിയിപ്പുകൾ, സർഗ്ഗപരിപാടികൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരംനൽകുക.
5. മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്തുക.

- **സാഹിത്യ അഭിരുചിവളർത്തുകയും സർഗ്ഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുകയുംചെയ്യുക:**

1. പതിപ്പുകൾ തയ്യാറാക്കൽ: കുട്ടികളുടെ പതിപ്പുകൾ, ക്ലാസ് പതിപ്പുകൾ എന്നിവ തയ്യാറാക്കുകയും അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക.
2. കവിതാസ്വാദനം, കഥപറച്ചിൽ, കഥാകഥനം തുടങ്ങിയവ ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്യാമ്പുകൾ ആസൂത്രണം ചെയ്യുക.
3. സർഗ്ഗാത്മക നാടകപ്രവർത്തനങ്ങൾ: പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം, കവിതാലാപനം, കഥാരൂപത്തിലുള്ള ആവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക. (തെളിവാനം വരക്കുന്നവർ)എന്ന പുസ്തകം പ്രയോജനപ്പെടുത്തി സർഗ്ഗരചനക്ക് അവസരം നൽകിയാൽ ലഹരിക്കെതിരായ മനോഭാവം വളർത്താൻ കഴിയും.
4. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കുക.
5. കുട്ടികളുടെ രംഗവേദികൾ: കുട്ടികളിൽ സാമൂഹികമൂല്യങ്ങളും പൗരബോധവും വികസിപ്പിക്കാനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുക. ഉദാഹരണത്തിന്, 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കെതിരായ നിലപാടെടുക്കുന്നതിലേക്ക് കുട്ടികളുടെ ചിന്തയെ വളർത്തിയെടുക്കാനുള്ള സാധ്യതകൾ ഉപയോഗിക്കുക.
6. ബാലസഭ/Sargavela ശക്തിപ്പെടുത്തുക.

- **ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക:**

1.മലയാളം കമ്പ്യൂട്ടിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക.

2.മലയാളത്തിലെ സാഹിത്യകാരന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളിലൂടെ ഓർമ്മപുതുക്കാൻ പ്രയോജനപ്പെടുത്തുക

3. കുട്ടികളുടെ ചലച്ചിത്രങ്ങൾ-ആസ്വാദനം സംഘടിപ്പിക്കുക

**II വിഷയം-ഇംഗ്ലീഷ്**

**ലക്ഷ്യങ്ങൾ**

1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2.ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം.......) അവസരമൊരുക്കുക.

3.സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.

4.ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.

5.സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- **ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക:**

1. ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ).
2. ഇംഗ്ലീഷ് തിയേറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക. (കുട്ടികളുടെ മനോഭാവ വികാസത്തിനുള്ള പ്രവർത്തനങ്ങളുമാകാം. 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് നാടക സ്കിറ്റുകളുണ്ടാക്കാനും അഭിനയിക്കുവാനുമുള്ള അവസരം ഒരുക്കാം. ഭാഷാവികാസത്തോടൊപ്പം ലഹരിക്കെതിരായ മനോഭാവം ഉളവാകുകയും ചെയ്യും.)
3. ഇംഗ്ലീഷ് സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരം നൽകുക.
4. ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

- **ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക:**

1. ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.
3. ഇംഗ്ലീഷ് പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

- **ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക:**

1. ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.
2. ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഇംഗ്ലീഷ് സാഹിത്യ ശില്പശാലകൾ നടത്തുക.

- **സാങ്കേതികവിദ്യയുടെ ഉപയോഗം:**

1. ഇംഗ്ലീഷ് ഭാഷാവികാസത്തിനായി സാങ്കേതികവിദ്യാ സാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ-വീഡിയോ ഉറവിടങ്ങൾ) പ്രയോജനപ്പെടുത്തുക.
2. ഇംഗ്ലീഷ് ബ്ലോഗ് തയ്യാറാക്കാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.

**III. വിഷയം-ഹിന്ദി**

**ലക്ഷ്യങ്ങൾ**

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക
2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
3. സ്വതന്ത്രവായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക
4. ഹിന്ദിസാഹിത്യം ആസ്വദിക്കുന്നത് അവസരമൊരുക്കുക.
5. ഹിന്ദിപഠനത്തിനുള്ള പുതുതന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.
6. സാങ്കേതികവിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുകയും മുഴുവൻ കുട്ടികളെയും ഹിന്ദി കംപ്യൂട്ടിങ് പരിശീലിപ്പിക്കുകയും ചെയ്യുക.

മേൽ കൊടുത്ത ലക്ഷ്യങ്ങൾ നിറവേറ്റാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- **ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക:**

ഹിന്ദി സംസാരിക്കാൻ അവസരങ്ങൾ നൽകുക (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ്ചർച്ചകൾ).

1. ഹിന്ദിതിയേറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക.
2. ഹിന്ദി സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരംനൽകുക.
3. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

- **ഹിന്ദിവായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക:**

1. ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവവായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഹിന്ദിയിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.
3. ഹിന്ദിപത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്യുക.

4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

- **ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക:**

1. ഹിന്ദി സിനിമകൾ കാണാനുള്ള അവസരംഒരുക്കുക.
2. ഹിന്ദിഫെസ്റ്റ്, ഹിന്ദി ദിൻ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഹിന്ദി സാഹിത്യശില്പശാലകൾ നടത്തുക.

- **സാങ്കേതികവിദ്യയുടെ ഉപയോഗം:**

1. ഹിന്ദി ഭാഷാവികാസത്തിനായി സാങ്കേതികവിദ്യാസാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ-വീഡിയോ ഉറവിടങ്ങൾ) പ്രയോജനപ്പെടുത്തുക.
2. ഹിന്ദി ബ്ലോഗ് തയ്യാറാക്കാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.

ഇങ്ങനെ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ പ്രവർത്തന കലണ്ടറിലേക്ക് ഉൾപ്പെടുത്തണം.

ഭാഷാ വിഷയങ്ങൾക്ക് പൊതുവായ പ്രവർത്തനങ്ങളാകാം. ആത്മവിശ്വാസത്തോടെ ആശയവിനിമയത്തിനും ഒരോ സന്ദർഭത്തിലും വേണ്ട തലത്തിൽ പ്രയോഗിക്കാനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അസംബ്ലി, ആകാശവാണി, വ്യത്യസ്തങ്ങളായ രചനാക്യാമ്പുകൾ, കുട്ടികളുടെ മാസികകൾ, പത്രങ്ങൾ, പതിപ്പുകൾ, സംവാദ സദസുകൾ, രംഗവേദികൾ, തുടങ്ങിയവയെല്ലാം എല്ലാ ഭാഷകളേയും ഉൾക്കൊള്ളുന്നത് ഉചിതമാകും.

**മേൽ പറഞ്ഞ ഭാഷകളല്ലാതെ മറ്റു ഭാഷകൾക്കും (അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവ) ഇതിൽ സൂചിപ്പിച്ച സമാന പ്രവർത്തനങ്ങളും പ്രവർത്തനതന്ത്രങ്ങളും ആകാവുന്നതാണ്.**

## IV. വിഷയം-ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ഇതിന് ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- ഭൗതികശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിവയിൽ ഓരോഘട്ടത്തിലും നിർദ്ദേശിക്കപ്പെട്ട പഠനാശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കേണ്ടത്.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രജേർണലുകൾ പരിചയപ്പെടൽ, ശാസ്ത്രലാബ്, ലഘുപരീക്ഷണമൂല, ശാസ്ത്രോപകരണനിർമ്മാണം, ശാസ്ത്രമാഗസിൻ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
- പ്രകൃതിപഠനയാത്രകൾ.
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.
- കുടിവെള്ളസംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ളപരിശോധന, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ.
- വിവിധതരം കമ്പോസ്റ്റിങ് സാധ്യതകൾ പരീക്ഷിക്കൽ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.
- പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ.
- ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ശുചിത്വക്യാമ്പസിനായുള്ള വിദ്യാർഥികളുടെ നിയമാവലി തയ്യാറാക്കൽ, അതിനെ പ്രയോജനപ്പെടുത്തൽ.
- ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ, ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ.
- കൂടാതെ വ്യക്തികളുടെയും സമൂഹത്തിന്റെയും വികാസത്തിനും മുന്നോട്ടു പോക്കിനും എങ്ങിനെ തടസ്സം നില്ക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കൽ തുടങ്ങി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താം.

**V. വിഷയം-സാമൂഹ്യശാസ്ത്രം**

**<u>ലക്ഷ്യങ്ങൾ</u>**

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

3. സമൂഹചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാകാനും സഹായിക്കുക.
4. ജനാധാപത്യജീവിതസംസ്കാരം വളർത്തിയെടുക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

മേൽ ലക്ഷ്യങ്ങൾ സാധിതമാകുന്നതിനുള്ള പ്രവർത്തനപദ്ധതികളാണ് ഒരുക്കേണ്ടത്. ഇങ്ങനെ ഒരുക്കുമ്പോൾ ഓരോ പ്രായഘട്ടത്തിനും അനുഗുണമായി കരിക്കുലം മുന്നോട്ടു വച്ച പഠനവസ്തുതകൾ കുട്ടികൾ സ്വായത്തമാക്കാൻ സഹായകമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകേണ്ടത്.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ, ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കി മാറ്റൽ.
- ലഹരിവിരുദ്ധപ്രവർത്തനം.
- വ്യത്യസ്ത ദിനാചരണങ്ങൾ.
- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിധഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ, അഭിമുഖം.
- പ്രാദേശികചരിത്രരചന, ചരിത്രവസ്തുതകൾ രേഖപ്പെടുത്താൻ പരിശീലിക്കൽ, ചരിത്രാന്വേഷണയാത്രകൾ.
- പഠനയാത്രകൾ, ജനപ്രതിനിധികളുമായുള്ള സംഭാഷണം.
- പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ.
- അസമത്വം - ലിംഗപദവി - സാമൂഹികനീതി - അധിനിവേശം - ബാലവേല, പട്ടിണി – ചൂഷണം തുടങ്ങിയ സാമൂഹികപ്രശ്നങ്ങളെകുറിച്ച് അറിയാനും നിലപാടുകൾ കൈക്കൊള്ളാനുമുള്ള കഴിവ് ആർജ്ജിക്കൽ.
- ബോധവല്ക്കരണപ്രവർത്തനങ്ങൾ, സാമൂഹ്യശാസ്ത്രകളുമായി ബന്ധപ്പെട്ട മാസികകൾ തയ്യാറാക്കൽ.
- ഇതിനെല്ലാം ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- സ്കൂൾ മ്യൂസിയം.
- പ്രാദേശികഭൂപടം തയ്യാറാക്കൽ.
- പഠനോപാധികളുടെ നിർമ്മാണം,

- ക്ലാസതല ബാലസഭകൾ തുടങ്ങി ഒട്ടേറെ സാധ്യതകൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ അതത് സ്ഥാപനത്തിന്റെ സാധ്യതകൾ പരിഗണിച്ചാകണം തീരുമാനിക്കേണ്ടത്. എന്നാൽ തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തണം.

VI. **വിഷയം-ഗണിതം**

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
6. ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനത്തിനായി ആവിഷ്കരിച്ച 'മഞ്ചാടി പദ്ധതി' നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അക്കാര്യവും ലക്ഷ്യത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം.

ഗണിതവുമായി ബന്ധപ്പെട്ട ശേഷികൾ നേടാൻ സഹായകമായ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- ഗണിതക്ലബ് അവയുടെ നേതൃത്വത്തിൽ നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ.
- പ്രോജക്ടുകൾ, സെമിനാറുകൾ.
- ദിനാചരണങ്ങൾ.
- ഐസിടി സാധ്യതകൾ ഉപയോഗിക്കൽ.
- ഗണിതമാഗസിൻ, ഒറിഗാമി, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾക്ക് ധാരാളം സാധ്യതകളുണ്ട്. പ്രവർത്തനങ്ങളുടെ വിശദാംശം തയ്യാറാക്കുകയും അവയെ പ്രവർത്തന കലണ്ടറിലേക്ക് ഉൾച്ചേർക്കുകയും വേണം.
- ഹയർ സെക്കന്ററിവിഭാഗത്തിലെ ഗണിതലാബിന്റെ പ്രയോജനം ഇതരവിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതുണ്ട്.

## VII. വിഷയം-ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

**ലക്ഷ്യങ്ങൾ**

1. പഠനബോധനപ്രക്രിയയിലും അറിവു നിർമ്മാണപ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർത്തുള്ള വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
2. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതതവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.
3. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
4. സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴികളിൽ അകപ്പെടാതെ എന്തെന്ത് കരുതലുകൾ വേണം എന്ന തിരിച്ചറിവ് വികസിപ്പിക്കുക.
5. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കംപ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
6. ഓരോ കുട്ടിക്കും ആധുനിക വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അസിസ്റ്റീവ് ടെക്നോളജി ഉറപ്പാക്കുകയും അതിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- കുട്ടികൾക്കും ടീച്ചർക്കും (ടൈപ്പിംഗ്, ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമ്മാണം തുടങ്ങിയവ) കംപ്യൂട്ടർ നൈപുണി വികസിപ്പിക്കുക.
- പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കുക.
- സോഷ്യൽമീഡിയ, അനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുക
- ഇതിനായുള്ള പ്രവർത്തനപദ്ധതികൾ വികസിപ്പിക്കുക.
- ഓരോ വിഷയമേഖലകളിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്താനുള്ള അന്വേഷണചിന്ത.
- ഈ സങ്കേതത്തെ വിവേകപൂർണ്ണമായി പ്രയോജനപ്പെടുത്താമെന്ന തിരിച്ചറിവ് എന്നിവ വികസിപ്പിക്കുക.

## VIII. തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം

- വിവിധതൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ടമേഖല/മേഖലകൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.

- തൊഴിൽ മനോഭാവം, തൊഴിൽ ആഭിമുഖ്യം, തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ്, തൊഴിൽ നൈപുണി, നിർമ്മാണാത്മകഴിവ് എന്നിവ വികസിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, ഭക്ഷ്യവ്യവസായം, പാഴ് വസ്തുപരിപാലനം, മാധ്യമങ്ങളുംവിനോദവും, ടൂറിസം, സാമ്പത്തിക സാക്ഷരത, ഫാഷൻ ഇൻ പാഷൻ, പാർപ്പിടം, പ്ലംമ്പിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, പ്രിന്റിങ് , സ്റ്റേഷനറി, കരകൗശലം, വസ്ത്രനിർമ്മാണം, എംബ്രോയിഡറി, ക്ലേ മോഡലിങ്, പെയിന്റിങ് എന്നിവയെ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചു കൊണ്ട് പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുക.
- ഒമ്പതാം തരത്തിലെയും പത്താം തരത്തിലെയും 'സ്വയംഒരുങ്ങാം' എന്ന മൃദുനൈപുണിവികാസ പ്രവർത്തനപുസ്തകങ്ങളുടെ ഉപയോഗത്തിലൂടെ പഠിതാക്കളെ സ്വയം അവബോധമുള്ളവരാക്കിത്തീർക്കുക.
- പഠിതാക്കളുടെ നൈപുണിവികാസം വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- വിവിധ മൃദുനൈപുണികളുടെയും തൊഴിൽ നൈപുണികളുടെയും വികാസത്തിലൂടെ പഠിതാക്കളിൽ വൈകാരിക സുസ്ഥിതി ഉറപ്പാക്കുക.
- ഐ.സി.ടി പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്തുള്ള നവസാധ്യതകൾ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് വിനിമയം ചെയ്യാനുള്ള നൈപുണി അധ്യാപകരിൽ വികസിപ്പിക്കുക.
- പ്രാദേശിക വിഭവ സാധ്യത പ്രയോജനപ്പെടുത്തി മേൽ സൂചിപ്പിച്ച മൃദുനൈപുണികൾ തൊഴിൽ നൈപുണികളും വികസിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പന്ത്രണ്ടാം തരം കഴിഞ്ഞു പോകുന്ന കുട്ടി ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നേടി വിടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

## IX. വിഷയം-കലാവിദ്യാഭ്യാസം

**<u>ലക്ഷ്യങ്ങൾ</u>**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4. ആധുനികശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഇതിനാവശ്യമായ കൃത്യമായ പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിക്കുക.
6. ആദിവാസി മേഖലകളിലടക്കം വ്യത്യസ്ത പ്രദേശങ്ങളിൽ അവരുടെ തനതുകലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനപദ്ധതികൾ വികസിപ്പിക്കുക.

## X. വിഷയം-ആരോഗ്യകായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക.
3. ആരോഗ്യ, കായികവിദ്യാഭ്യാസത്തിന് പ്രാദേശിക-ലിംഗ- വർഗ്ഗഭേദമന്യേ എല്ലാകുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക.
4. ക്യാംപസിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

ധാരാളം പ്രവർത്തന സാധ്യതയുള്ള ഒരു മേഖലയാണിത്. കുട്ടികൾക്ക് ആവശ്യമുള്ള വ്യായാമം ഉറപ്പാക്കാൻ കഴിയണം. പൊതുപരിശീലനപരിപാടികളിൽ എല്ലാവർക്കും പങ്കാളിത്തം ലഭിക്കും വിധം ക്രമീകരണങ്ങൾ നടത്തണം. ഫുട്ബോൾ, വോളിബോൾ തുടങ്ങി കുട്ടികൾക്ക് താൽപര്യമുള്ള ഗെയിംസ് ഇനങ്ങളിൽ ഉള്ള കഴിവുകൾ പരമാവധി വികസിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. കായികമത്സരങ്ങൾ ഒരു നിശ്ചിത ഇടവേളകളിൽ ഉണ്ടാകുന്നത് അഭികാമ്യമാണ്. എയ്റോബിക് പരിശീലനം, ആരോഗ്യബോധവൽക്കരണ പരിപാടികൾ, ചടുല ചലനങ്ങളുള്ള കലാരൂപങ്ങളുടെ പരിശീലനം, സൈക്ക്ളിംഗ് പരിശീലനം, ഓരോ നാട്ടിലേയും തനത് കായികരൂപങ്ങളെ പരിചയപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക. തുടങ്ങിയ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം. പെൺകുട്ടികൾക്ക് തുല്യ അവസരം ഉറപ്പാക്കണം.

കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കുന്നതിനായും അവർക്ക് പല കാരണങ്ങളാൽ ഉണ്ടാകാൻ ഇടയുള്ള സമ്മർദ്ദം, ആകാംക്ഷ പിരിമുറുക്കം എന്നിവയിൽ നിന്ന് മോചിതമാകുന്നതിന് സഹായിക്കുന്ന കായിക പ്രവർത്തനങ്ങൾ ഉണ്ടാകണം. സൂംബ ഡാൻസ് ഒരു ഉദാഹരണം.

## XI. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

**ലക്ഷ്യങ്ങൾ**

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന

ഉറപ്പാക്കുകയും ചെയ്യുക. (സവിശേഷ സാഹചര്യങ്ങളിൽ ആവശ്യമായ അധിക പരിഗണന നൽകുക).

2. ഈ വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസിനും – വിഷയത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കി ട്രൈഔട്ട് ചെയ്ത് മെച്ചപ്പെടുത്തുക.
3. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
4. ആധുനികവിവരസാങ്കേതികവിദ്യയിൽ ഭിന്നശേഷികുട്ടികൾക്ക് കമ്പ്യൂട്ടർ അടക്കമുള്ള ഉചിതമായ അനുരൂപീകരിച്ച പരിശീലനം ഉറപ്പാക്കുക.

ഈ വിഭാഗത്തിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും വികസിപ്പിക്കണം. പലതരം സവിശേഷതകൾ നേരിടുന്ന കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്താൻ പ്രദേശത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുമായി യോജിച്ചു കൊണ്ടുള്ള മെഡിക്കൽ പരിശോധനകൾ, വിവിധ സ്കീമുകളിലൂടെ ലഭ്യമാവുന്ന ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ, റിസോഴ്സ് അധ്യാപകരെ യഥാസമയം നിയോഗിക്കാനാവശ്യമായ ഇടപെടലുകൾ, പാഠഭാഗങ്ങൾ യഥാസമയം അനുരൂപീകരണം നടത്തുന്നതിനുള്ള ക്യാമ്പുകൾ, സാമഗ്രികൾ ഈ വിഭാഗം കുട്ടികളുടെ സവിശേഷകഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ, ആധുനീക സാങ്കേതികവിദ്യാസാധ്യതകൾ ആവശ്യമായ മാറ്റങ്ങളോടെ ഈ കുട്ടികൾക്കും പ്രാപ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ, രക്ഷാകർതൃവിദ്യാഭ്യാസം എന്നിവയെല്ലാം പ്രവർത്തനപദ്ധതിയുടെ ഭാഗമാകണം.

ചുരുക്കത്തിൽ സ്കൂളിലെ അധ്യാപകരെ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഫലപ്രദമായി നിർവ്വഹിക്കാനും പ്രാപ്തരാക്കുന്നതിനുള്ള അന്വേഷണങ്ങൾ നടത്തുക എന്നത്. ഇതിനായും ഫലപ്രദമായ കർമ്മപരിപാടികൾ ഉണ്ടാകണം. ഹയർസെക്കന്ററി വിഭാഗത്തിന്മേൽ സൂചിപ്പിച്ച ഓരോ വിഷയങ്ങളിലും കുറേക്കൂടി ഉയർന്ന തലത്തിലുള്ള പ്രവർത്തനപദ്ധതികളാവാം.

## XII. തീരദേശ, ഗോത്ര, തോട്ടം മേഖലയിലെ കുട്ടികൾക്കായുള്ളതും, അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കുള്ളതുമായ പരിപാടികൾ

**ലക്ഷ്യങ്ങൾ**

1. തീരദേശ, ഗോത്ര, തോട്ടം മേഖലയിലെ സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
2. അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.
3. കുട്ടികൾ തുടർച്ചയായി സ്കൂളുകളിൽ ഹാജരാകാത്ത അവസ്ഥയുണ്ടെങ്കിൽ അതിന്റെ കാരണം

കണ്ടെത്തി ഇടപെടൽ നടത്തുക. ഇതിനായി വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

4. പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി പഠന പിന്തുണ നൽകാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ ഉദാഹരണം**

- ആവശ്യമായ സന്ദർഭങ്ങളിൽ തദ്ദേശസ്വയംഭരണതല വിദ്യാഭ്യാസ സമിതി, വിവിധ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെകൂടി പങ്കാളിത്തത്തോടെ കുട്ടികളുടെ ഗൃഹസന്ദർശന പരിപാടി നിശ്ചിത ഇടവേളകളിൽ നടത്തുക.
- അറ്റൻഡൻസ് ട്രാക്കിംഗ് നടത്തി കുട്ടികളെ സ്ഥിരമായി സ്കൂളിൽ വരാൻ പ്രേരിപ്പിക്കുക.
- പഠന പിന്തുണ നൽകേണ്ട കുട്ടികൾക്ക് ഉചിതമായ പിന്തുണ രീതീശാസ്ത്രം വികസിപ്പിക്കുക(ഉദാ. ഭാഷാപരമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക) സാംസ്കാരികമായ ഘടകങ്ങൾ തടസ്സമാകുന്നെങ്കിൽ അവ മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ഇതുപോലെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

**ചുരുക്കത്തിൽ**

അക്കാദമിക വികസന ആസൂത്രണരേഖ വളരെ സമഗ്രമായി തയ്യാറാക്കണം. അക്കാദമിക മാസ്റ്റർപ്ലാൻ എന്നത് സമാന്തര പദ്ധതി രേഖയല്ല. സ്കൂളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള രേഖയാണ്. ഇത് ഔപചാരിക പഠനപദ്ധതിയുടെ ഉള്ളിൽ തന്നെ നിൽക്കേണ്ട രേഖയാണ്. സംസ്ഥാന അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട സ്കീം ഓഫ് വർക്കും സ്കൂൾ കലണ്ടറിന്റെ ഭാഗമായ പ്രവർത്തനങ്ങളും എല്ലാം ഉൾച്ചേർന്ന രേഖയാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ കാതൽ. മികവ് എന്നാൽ അക്കാദമിക മികവാണ്. ആയതിനാൽ കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതത് പ്രായഘട്ടത്തിൽ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പാക്കും വിധമാണ് അക്കാദമിക ആസൂത്രണം നടത്തേണ്ടത്. കുട്ടികളുടെ ശാരീരിക- മാനസിക-വൈകാരിക തലങ്ങളെ കണ്ടു കൊണ്ടാകണം അക്കാദമിക ആസൂത്രണം. മതനിരപേക്ഷത, സഹവർത്തിത്വം, സഹകരണം, അനുതാപം, സംഘബോധം, ലിംഗാവബോധം, തുല്യത, സമഭാവന, ശാസ്ത്രബോധം, അരുതായ്മകൾക്കെതിരെ നില

കൊള്ളണമെന്ന ബോധം തുടങ്ങിയ ജനാധിപത്യ-മതനിരപേക്ഷ സമൂഹത്തിന് അനിവാര്യമായ മൂല്യബോധവും മനോഭാവവും പഠനാനുഭവങ്ങളിലൂടെയും മറ്റ് സ്കൂളനുഭവങ്ങളിലൂടെയും ഉണ്ടാകാനാവശ്യമായ പ്രവർത്തനങ്ങൾ അക്കാദമിക വികസനരേഖയിലുണ്ടാകണം. ഓരോ സ്ഥാപനത്തിന്റെയും സാധ്യതകളും പരിമിതികളും പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിലാകണം പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തേണ്ടത്. കുട്ടികളുടെ വൈചാരികവും, വൈകാരികവുമായ വളർച്ചയും വികാസവും ഉറപ്പാക്കാൻ കഴിയണം. ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കാനാവശ്യമായ അറിവും കഴിവും മനോഭാവമുള്ളവരുമായി കുട്ടികൾ വളരണം. അതുകൊണ്ട് തന്നെ കുട്ടികളെ നിരന്തരമായി മോണിറ്റർ ചെയ്യാൻ സഹായകമാകും വിധം മെന്ററിംഗ് എങ്ങിനെ നടത്തും എന്നതിന്റെ വ്യക്തതയും അക്കാദമിക മാസ്റ്റർപ്ലാനിലുണ്ടാകണം.

**<u>സമയക്രമം നിശ്ചയിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ഏറ്റെടുക്കുന്ന ഓരോ ദൗത്യവും ഫലപ്രാപ്തിയിലെത്തിക്കണമെങ്കിൽ സൂക്ഷ്മതല ആസൂത്രണം അനിവാര്യമാണ്. ഇങ്ങിനെ ചെയ്യുമ്പോൾ ഓരോ ദൗത്യവും സംബന്ധിച്ച ലക്ഷ്യപ്രസ്താവനകൾ നടത്തേണ്ടിവരും. ലക്ഷ്യപ്രസ്താവനയുടെ തുടർച്ചയായി ഇതു സാധിതമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടിവരും. ഇത് ചെയ്യുമ്പോൾ വിവിധ കാലയളവിൽ ചെയ്തു തീർക്കാവുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം. അവയെ മൂന്നായി തരം തിരിക്കാം.

1. ഹ്രസ്വകാല പ്രവർത്തനങ്ങൾ (2-7 മാസം കൊണ്ട് ലക്ഷ്യ പ്രാപ്തിയിലെത്താവുന്നവ).
2. മധ്യമകാല പ്രവർത്തനങ്ങൾ (ഒരു വർഷം കൊണ്ടു ലക്ഷ്യ പ്രാപ്തിയിലെത്തിക്കാവുന്നവ).
3. ദീർഘകാലപ്രവർത്തനങ്ങൾ (ഒരു വർഷത്തിനു മേൽ സമയം ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമായവ).

ഈ അക്കാദമിക ആസൂത്രണരേഖ തയ്യാറാക്കുമ്പോൾ ദീർഘകാല ലക്ഷ്യങ്ങളും ദീർഘകാലപരിപാടികളും ഹ്രസ്വകാലപരിപാടികളും ഉണ്ടാകണം. ഉടൻ ലക്ഷ്യം കാണുന്ന പ്രവർത്തനങ്ങൾ ഉണ്ടെങ്കിലേ രക്ഷാകർതൃ സമൂഹം അടങ്ങുന്ന പൊതുസമൂഹത്തെ ഉത്സാഹത്തോടെ അണിനിരത്താനാകൂ. വിദ്യാഭ്യാസമെന്നാൽ ദീർഘ കാലാടിസ്ഥാനത്തിൽ മാത്രം സ്ഥായിയായ ഫലം ഉണ്ടാക്കുന്നതാണ്. എന്നാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ഫലമുണ്ടാക്കുന്ന പ്രവർത്തനങ്ങളും സാധ്യമാണ്. ഉദാഹരണം.

1. വായന – സ്കൂളിലെ മുഴുവൻ കുട്ടികളും ആശയഗ്രഹണത്തോടെ, അർത്ഥ പൂർണമായി വായിക്കുന്നു എന്നുറപ്പാക്കുന്നു. രണ്ടു മൂന്നു മാസം കൊണ്ട് ചെയ്യാവുന്ന ഒരു പ്രവർത്തനമാണിത്.

2. എല്ലാ കുട്ടികളും ആശയവ്യക്തതയോടെ എഴുതുന്നു (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
3. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള (പറയാനും, വായിക്കാനും, എഴുതാനും) കഴിവ് ആർജ്ജിക്കുന്നു. (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
4. ഹിന്ദിയിൽ ആശയവിനിമയം (പറയാനും, വായിക്കാനും, എഴുതാനും) നടത്താനുള്ള കഴിവ് ആർജ്ജിക്കുന്നു (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
5. അടിസ്ഥാനഗണിതക്രിയകൾ സ്വായത്തമാക്കുന്നു. (5-6 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
6. കായികക്ഷമത നേടാനുള്ള പ്രവർത്തനം.
7. വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ.
8. ഭാഷാ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ ആർജ്ജിക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങളും ഉണ്ടാകണം.
9. ഈ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ചില കുട്ടികൾക്കെങ്കിലും കൂടുതൽ സമയം വേണ്ടി വരും ഇവർക്കാവശ്യമായ വിദ്യാഭ്യാസ പിന്തുണ നൽകാൻ സ്കൂൾ സമയത്തിന് പുറത്തുള്ള സമയം കൂടി ചിലപ്പോൾ കണ്ടെത്തേണ്ടി വരും.
10. ഏറ്റവും വലിയ വെല്ലുവിളി ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകളെ ക്ലാസ്റൂം പഠനവുമായി ബന്ധപ്പെടുത്താനുള്ള ആത്മവിശ്വാസവും അറിവും രീതിശാസ്ത്രവും അധ്യാപകർ സ്വാംശീകരിക്കുക എന്നതാണ്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് സ്വാംശീകരിക്കാൻ കഴിയൂ. ആയതിനാൽ ഇതിനായി സ്വയംസജ്ജമാകാൻ അധ്യാപകരെ സഹായിക്കുക എന്നത് അടിയന്തിരമായും ഏറ്റെടുക്കേണ്ട പ്രവർത്തനമാകും.
11. കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ- കല, കായികം, പ്രവർത്തി പരിചയം തുടങ്ങിയ എല്ലാ മേഖലകളേയും ഉൾക്കൊള്ളുന്നത്.

**അക്കാദമിക വികാസത്തെ ശക്തിപ്പെടുത്തുന്ന ഭൗതിക സൗകര്യ വികസന സൂചനകൾ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉണ്ടാകണം.**

കൂടാതെ താഴെപറയുന്ന കാര്യങ്ങളും പ്രധാനമാണ്.

**ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം**

1. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ സൗകര്യങ്ങൾ- ക്ലാസ്സിലും സ്കൂൾ ക്യാമ്പസ്സിലും.
2. കംപോസ്റ്റിങ് സൗകര്യങ്ങൾ

**ഹരിതപരിസരം ഉറപ്പാക്കൽ**

1. ജൈവവൈവിധ്യപാർക്ക്
2. വൃക്ഷവൽക്കരണം
3. പച്ചത്തുരുത്തുകൾ
4. ശലഭോദ്യാനം
5. ഔഷധത്തോട്ടം
6. ജൈവകൃഷിത്തോട്ടം

**സൗന്ദര്യവല്ക്കരണം**

1. പൂന്തോട്ടം
2. കുട്ടികളുടെപാർക്ക്
3. ചുറ്റുമതിൽ - പുറംഭിത്തിയും അകംഭിത്തിയും ആകർഷകമാക്കുക
4. പ്രവേശനകവാടങ്ങൾ മികച്ചതാക്കൽ
5. ആവശ്യത്തിന് ഡ്രെയിനേജ് സൗകര്യം ഒരുക്കൽ
6. ദിശാബോർഡുകൾ സ്ഥാപിക്കൽ
7. മരങ്ങൾക്ക് ചുറ്റും കുട്ടികൾക്കുള്ള ഇരിപ്പിടങ്ങൾ
8. വിദ്യാലയകെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കി മാറ്റൽ
9. സ്കൂൾ മതിലിന് പുറത്ത് റോഡിനിടയിലുള്ള സ്ഥലം കാലാവസ്ഥക്കനുയോജ്യമായ പൂക്കളോ ചെടികളോ നട്ട് ആകർഷകമാക്കൽ.

**ലഹരി വിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക**

കുട്ടികളിൽ ലഹരിക്കെതിരായ മനോഭാവമാണ് വികസിക്കേണ്ടത്.

- പാഠപുസ്തകങ്ങളിലെ ആശയങ്ങളിൽ അനുയോജ്യമായവ വിനിമയം ചെയ്യുമ്പോൾ ലഹരിക്കെതിരായ മനോഭാവം വളർത്താൻ സഹായകമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- 'തെളിവാനം വരക്കുന്നവർ' എന്ന പുസ്തകത്തിലെയും അതിനോട് അനുബന്ധിച്ച് നൽകിയ മോഡ്യൂളിലെയും പ്രവർത്തനങ്ങൾ കുട്ടികളക്കൊണ്ട് ചെയ്യിക്കൽ.
- സ്കൂൾ പാർലമെന്റിന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ.
- ക്ലാസ് തല ചർച്ചകൾ, സംവാദങ്ങൾ.
- ലഹരി വിരുദ്ധ മുദ്രാഗീതങ്ങൾ രചിക്കുക.
- ലഹരി വിരുദ്ധ സന്ദേശങ്ങൾ പൊതുഇടങ്ങളിൽ പ്രചരിപ്പിക്കുക.

- സ്കൂളിനകത്തേക്ക് ലഹരിക്കിടയായ വസ്തുക്കൾ ആരും തന്നെ കൊണ്ടുവരുന്നില്ല എന്നുറപ്പാക്കുക(അന്തരീക്ഷ സൃഷ്ടിയാണ് പ്രധാനം).
- ലഹരി വിരുദ്ധ സന്ദേശ റാലികൾ

തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആകാവുന്നതാണ്.

**സമൂഹബന്ധ ആസൂത്രണരേഖ**

അക്കാദമിക വികസനരേഖക്കനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഘട്ടത്തിലും സമൂഹത്തിന്റെ സക്രിയമായ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ അധ്യാപകരക്ഷാകർതൃസമിതി, ക്ലാസ് പിടിഎ, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, പൂർവവിദ്യാർത്ഥി സംഘടന, പൂർവാധ്യാപകക്കൂട്ടായ്മ, സ്കൂൾ വികസനസമിതി, മാതൃസമിതി തുടങ്ങി സമൂഹവുമായി ബന്ധപ്പെടാവുന്ന എല്ലാവിധ കൂട്ടായ്മകളും ശക്തിപ്പെടുത്തണം.

**ഹ്രസ്വകാല അക്കാദമിക പ്രവർത്തനങ്ങൾ - വിശദാംശങ്ങൾ**

ഉടൻ ഫലം കിട്ടുന്ന ചില പ്രവർത്തനങ്ങൾ പൊതുസമൂഹം പ്രതീക്ഷിക്കുന്നുണ്ട്. ഇത് പ്രവർത്തനങ്ങൾ നടത്തുന്നവർക്കും ആവേശത്തോടെയും ഉത്സാഹത്തോടെയും പ്രവർത്തനങ്ങളെ സഹായിക്കുന്നവർക്കും ആത്മവിശ്വാസം പകരാനും തുടർ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമാണ്. ആയതിനാൽ സംസ്ഥാനത്ത് മുഴുവൻ വിദ്യാലയങ്ങളിലും നിർബന്ധമായും നടക്കേണ്ട ചില പ്രവർത്തനങ്ങളും അതിന്റെ സൂക്ഷ്മതല ആസൂത്രണത്തിന് സഹായകമായ ചില വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

**പഠനപരിപോഷണപദ്ധതികൾ**

പഠനം ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പഠനപരിപോഷണപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ടേംവിലയിരുത്തലുകൾ/ നിരന്തരവിലയിരുത്തലുകൾ കഴിയുമ്പോൾ കുട്ടികളുടെ ഉത്തരക്കടലാസുകൾ വിശകലനം ചെയ്താൽ ഓരോ കുട്ടിയുടെയും ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ഓരോ ഘട്ടത്തിലും കുട്ടിയുടെ പഠനനില തിരിച്ചറിയുക എന്നത് പ്രധാനമാണ്. അതനുസരിച്ച് നിലവിലുള്ള പരിമിതികൾ പരിഹരിക്കുന്നതിനായി പഠനപിന്തുണാ പ്രവർത്തനങ്ങൾ നടത്തി പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനും പ്രവർത്തനങ്ങൾ ആവശ്യമാണ്. പഠനനില തിരിച്ചറിഞ്ഞ് ആവശ്യമായ പഠനപിന്തുണ നൽകുക എന്നത് പഠനപ്രവർത്തനത്തിന്റെ അനിവാര്യ, അഭിവാജ്യഭാഗമായി മാറണം. ഒറ്റത്തവണ രീതിയായല്ല കാണേണ്ടത് തുടർ പ്രവർത്തനമായാണ്. ഇതിന്റെ ഭാഗമായി വൈവിധ്യമുള്ള പഠനാനുഭവങ്ങൾ ഒരുക്കാൻ അധ്യാപകരെ സജ്ജരാക്കിയും പഠനാന്തരീക്ഷത്തിൽ മാറ്റം വരുത്തിയും പഠനം ശക്തിപ്പെടുത്താനാവും. ഓരോ വിദ്യാലയങ്ങൾക്കും അവരുടെ കുട്ടികളുടെ സവിശേഷതകൾ മുൻനിർത്തിയുള്ള ഈ പ്രവർത്തനങ്ങൾ

സമഗ്രാസൂത്രണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

**4. മറ്റ് പ്രവർത്തനങ്ങൾ**

അക്കാദമികമാസ്റ്റർ പ്ലാനിൽ പറഞ്ഞ മറ്റ് പ്രവർത്തനങ്ങൾ ഓരോ സ്ഥാപനത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമം നൽകി സ്വതന്ത്രമായി ആവിഷ്കരിക്കാം.

**1. പ്രതിഭാ പോഷണപരിപാടികൾ**

പല വിധത്തിലുള്ള പ്രതിഭകളാൽ സമ്പന്നമാണ് വിദ്യാലയങ്ങൾ. ഇവരുടെയെല്ലാം കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ അക്കാദമികമാസ്റ്റർ പ്ലാനിൽ ഉണ്ടാകണം. വിദഗ്ധരായ അതിഥിയധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ, വിവിധ ശാസ്ത്രഗവേഷണസ്ഥാപനങ്ങൾ, കലാ-സാംസ്കാരികസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുത്തിയുള്ള പഠനപരിപാടികൾ, ഗവേഷണപ്രവർത്തനങ്ങൾ, പഠനയാത്രകൾ, ക്യാമ്പുകൾ തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാക്കാം. എൽ.എസ്.എസ്., യു.എസ്.എസ്., NAS, SAS, സ്റ്റെപ്പ്സ്, ന്യൂമാത്സ് എന്നീ പ്രതിഭാപോഷണപരിപാടികളുടെ സ്കൂൾ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

**2. ഭിന്നശേഷിക്കാർക്കുള്ള പരിഗണന**

സ്കൂൾ അക്കാദമികപദ്ധതിയിൽ ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പ്രത്യേക പരിപാടികളും ഉൾച്ചേർക്കണം. പ്രത്യേക പരിശീലനമുറികൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും ആസൂത്രണം ചെയ്യണം. തൊഴിൽ പരിശീലനത്തിനും അവസരമൊരുക്കണം.

**അക്കാദമിക മാസ്റ്റർപ്ലാൻ - ചുമതല**

- സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ നിശ്ചിതസമയത്തിനകം തയ്യാറാക്കി എന്ന് ഉറപ്പുവരുത്താനുള്ള ചുമതല പ്രഥമാധ്യാപകർക്കാണ്. ഇതിനായി എസ്. ആർ. ജിയുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തണം. കൂടാതെ പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, സ്കൂൾ വികസനസമിതി എന്നിവയുടെ സഹായവും തേടേണ്ടതാണ്.
- ക്ലാസ് ടീച്ചർ മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ സഹായത്താൽ ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.
- സബ്ജക്ട്കൗൺസിൽ വിഷയതല അക്കാദമികമാസ്റ്റർ പ്ലാനും ഇതോടൊപ്പം തയ്യാറാക്കേണ്ടതുണ്ട്.
- എസ്.ആർ.ജി. കൺവീനർ അധ്യാപകരുടെ സഹായത്തോടെ ക്ലാസ്തല അക്കാദമികമാസ്റ്റർ

പ്ലാൻ ക്രോഡീകരിച്ച് സ്കൂൾ തലമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

- കരട്മാസ്റ്റർ പ്ലാൻ പി.ടി.എ, എസ്.എം.സി, സ്കൂൾ വികസനസമിതി എന്നിവയിൽ ചർച്ച ചെയ്ത് പൂർണ്ണ രൂപത്തിലാക്കേണ്ടതാണ്.
- ***അക്കാദമിക മാസ്റ്റർപ്ലാനുകൾ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.***
- 2025-26 അക്കാദമിക വർഷം ജൂൺ 30 നകം മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കണം. തുടർവർഷങ്ങളിൽ അക്കാദമിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കണം. എങ്കിൽ സ്കൂൾ പ്രവർത്തനം തുടങ്ങുന്ന ദിനം മുതൽ അക്കാദമിക മാസ്റ്റർപ്ലാനിനനുസൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയും.
- ***അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന പുരോഗതി സമഗ്ര പ്ലസിൽ രേഖപ്പെടുത്തേണ്ടതാണ്.***

## ഭാഗം -3

## സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ- മോണിറ്ററിങ്, വിലയിരുത്തൽ

അക്കാദമികമാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് കൃത്യമായമോണിറ്ററിംഗ്, വിലയിരുത്തൽ സംവിധാനം ആവശ്യമാണ്.

- വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതല:എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി തുടങ്ങിയ വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥർ ഓരോ സ്കൂളിലും അക്കാദമികമാസ്റ്റർ പ്ലാൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണ്. ഇതിനായി സമഗ്രശിക്ഷാകേരളം, വിദ്യാകിരണം, കൈറ്റ് തുടങ്ങിയ ഏജൻസികളുടെ ജില്ലാതല സംവിധാനങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തണം.
- പ്രഥമാധ്യാപകന്റെയും SRG-യുടെയുംചുമതല:

1. പ്രതിമാസ SRG (സ്കൂൾ റിസോഴ്സ്ഗ്രൂപ്പ്) മീറ്റിംഗുകൾ സംഘടിപ്പിച്ച് അക്കാദമികമാസ്റ്റർ പ്ലാനിന്റെ പുരോഗതി വിലയിരുത്തുകയും, തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടത് പ്രഥമാധ്യാപകന്റെയും SRG-യുടെയും പ്രധാന ചുമതലയാണ്.
2. ഓരോ പ്രവർത്തനത്തിന്റെയും പുരോഗതി അളക്കുന്നതിനുള്ള വ്യക്തമായ സൂചകങ്ങൾ (Key Performance Indicators - KPIs) നിർവചിക്കുകയും, അവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുകയും ചെയ്യുക.

3. മോണിറ്ററിംഗ് റിപ്പോർട്ടിംഗ് കൃത്യമായ ഇടവേളകളിൽ (ഉദാ: പ്രതിമാസ അവലോകനം, ത്രൈമാസറിപ്പോർട്ട്) നടത്തുകയും, പുരോഗതിയും വെല്ലുവിളികളും രേഖപ്പെടുത്തുകയും ചെയ്യുക.
4. മാസ്റ്റർ പ്ലാൻ വർഷത്തിൽ ചുരുങ്ങിയത് ഒരു തവണയെങ്കിലും വിശദമായി അവലോകനം ചെയ്യുകയും, ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കുകയും ചെയ്യുക.

- ക്ലാസ് തല മോണിറ്ററിംഗ്: ക്ലാസ് ടീച്ചർമാർ ക്ലാസ് തലമാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗതി പതിവായി നിരീക്ഷിക്കുകയും, ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക.
- വിഷയതല മോണിറ്ററിംഗ് : സബ്ജക്റ്റ്കൗൺസിലുകൾ വിഷയതലമാസ്റ്റർ പ്ലാനിന്റെ നടപ്പാക്കൽ വിലയിരുത്തുകയും, വിഷയത്തിൽ കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.

ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ, അക്കാദമികമാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.

## അക്കാദമിക മാസ്റ്റർപ്ലാൻ
## സ്കൂളുകൾക്ക് സ്വയം വിലയിരുത്താനുള്ള മാർഗരേഖ.

(ഗുണാത്മക വിലയിരുത്തൽ ഘടകങ്ങളാണ് നൽകിയിരിക്കുന്നത്. ഓരോ ഘടകത്തിനെയും വിലയിരുത്താൻ അഞ്ച് സൂചകങ്ങൾ നൽകിയിട്ടുണ്ട്. സ്വയം വിലയിരുത്തലിനായി ഈ സൂചകങ്ങളെ പ്രയോജനപ്പെടുത്താം)

**1. അടുത്ത അധ്യയനവർഷം, 2/3 അധ്യയനവർഷം കൊണ്ട് വിദ്യാലയം അക്കാദമികമായി എവിടെയെത്തുന്നു എന്ന് വ്യക്തമാക്കുന്ന ഒരു സവിശേഷമായ കാഴ്ചപ്പാട് മാസ്റ്റർ പ്ലാനിന്റെ ആമുഖത്തിൽ നൽകിയിട്ടുണ്ട്.**

A. അടുത്ത രണ്ടോ മൂന്നോ വർഷം കൊണ്ട് സ്കൂളിനെ എവിടെ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്എന്ന് വളരെ വ്യക്തമായി പറയുന്നു. എല്ലാ കുട്ടികളെയും ഒരു പോലെ പരിഗണിച്ചും, സമൂഹത്തിന് പ്രചോദനം നൽകുന്ന രീതിയിലുമാണ് ഈ ലക്ഷ്യം തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിന്റെ നിലവിലെ സാഹചര്യങ്ങളും കഴിവുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

B. സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി, അടുത്തവർഷങ്ങളിൽ എന്ത്മാറ്റം കൊണ്ടുവരണം എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണ നൽകുന്നുണ്ട്.

C. സ്കൂളിന്റെ പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തി, വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ഒരു പ്രവർത്തനപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

D. സ്കൂളിനെ മികച്ചതാക്കും എന്ന് പറയുന്നുണ്ടെങ്കിലും, അത് എങ്ങനെചെയ്യും എന്നതിനെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഒന്നും നൽകിയിട്ടില്ല.

E. അടുത്തവർഷത്തേക്കുള്ള പ്രവർത്തനങ്ങളെക്കുറിച്ച് യാതൊന്നും പറയുന്നില്ല, അല്ലെങ്കിൽ വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് നൽകിയിരിക്കുന്നത്.

**2.വിദ്യാലയത്തിന്റെ കാഴ്ചപ്പാടിൽ നിന്നും ഉരുത്തിരിഞ്ഞതും, ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ വ്യക്തമായി അളക്കാൻ കഴിയുന്നതുമായ ലക്ഷ്യങ്ങൾ**

A. സ്കൂളിന്റെ പ്രധാന ലക്ഷ്യത്തിൽ നിന്നുകൊണ്ട്, എന്തെല്ലാം കാര്യങ്ങളാണ് നേടിയെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമായി തരം തിരിച്ച് പറയുന്നു. കുറഞ്ഞകാലംകൊണ്ടും (ഉദാ: ഈ വർഷം) കൂടുതൽ കാലംകൊണ്ടും (ഉദാ: മൂന്നുവർഷം) ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ഏതൊക്കെയെന്നും, അവ ഓരോന്നും എപ്പോൾ പൂർത്തിയാക്കുമെന്നും കൃത്യമായി അളക്കാൻ കഴിയുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.

B. സ്കൂൾ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമായി പറയുന്നുണ്ട് എന്നാൽ, ഈ കാര്യങ്ങൾ എപ്പോൾ ചെയ്തു തീർക്കും എന്നതിനെക്കുറിച്ചോ, അവയുടെ പുരോഗതി എങ്ങനെ അളക്കും എന്നതിനെക്കുറിച്ചോ വ്യക്തത കുറവുണ്ട്.

C. ചില ലക്ഷ്യങ്ങൾ പറയുന്നുണ്ടെങ്കിലും, അവയെല്ലാം സ്കൂളിന്റെ പ്രധാന കാഴ്ചപ്പാടുമായി പൂർണ്ണമായും യോജിച്ചു പോകുന്നതാണോ എന്ന് ഉറപ്പില്ല.

D. ചെയ്യാനുദ്ദേശിക്കുന്ന ചില കാര്യങ്ങൾ പറയുന്നുണ്ട് എന്നാൽ അവയ്ക്ക് വ്യക്തമായ ഒരു ദിശാബോധമില്ല. എന്തിനാണ് അത് ചെയ്യുന്നത് എന്ന് വ്യക്തമല്ല.

E. സ്കൂളിന് പ്രത്യേക ലക്ഷ്യങ്ങൾ ഒന്നും തന്നെ നിർവചിച്ചിട്ടില്ല

**3.സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി മുന്നോട്ടുവെക്കുന്ന അടിസ്ഥാന ആശയങ്ങളും സമീപനങ്ങളും മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.**

A. സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ ഭൗതികവും അക്കാദമികവുമായ മുന്നേറ്റങ്ങൾ തുടരാനും, എല്ലാ കുട്ടികൾക്കും ഉയർന്നനിലവാരം ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ വ്യക്തമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

B. സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് ആമുഖത്തിൽ പരാമർശിക്കുകയും അതുമായി

ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

C. സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

D. നേരിട്ടുള്ള പരാമർശമില്ല, എന്നാൽ ചില പ്രവർത്തനങ്ങളിൽ അതിന്റെ സ്വാധീനം കാണാം.

E. സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് യാതൊരു പരാമർശവുമില്ല

**4.സംസ്ഥാനതല അക്കാദമിക പദ്ധതികളായ ശ്രദ്ധ പോലുള്ള സർക്കാർ പദ്ധതികളുമായും സ്കൂൾതല പ്രവർത്തനങ്ങളെ എങ്ങനെ ഏകോപിപ്പിക്കുമെന്ന് മാസ്റ്റർ പ്ലാനിൽ സൂചിപ്പിക്കുന്നുണ്ട്.**

A. വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.എസ്.കെ, കൈറ്റ് തുടങ്ങിയ ഏജൻസികളുടെയും സംസ്ഥാനതല പദ്ധതികളെക്കുറിച്ച് വ്യക്തമായി പരാമർശിക്കുകയും, അവ സ്കൂളിന്റെ തനതായ പ്രവർത്തനങ്ങളുമായി എങ്ങനെ സംയോജിപ്പിക്കുമെന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

B. സംസ്ഥാനതല പദ്ധതികളെക്കുറിച്ച് പരാമർശിക്കുകയും അവ വിദ്യാലയത്തിൽ നടപ്പാക്കുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

C. ഒന്നോ രണ്ടോ സംസ്ഥാനതല പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്.

D. സംസ്ഥാനതല പദ്ധതികളുമായി ബന്ധിപ്പിക്കാനുള്ള സാധ്യതകൾ പരിഗണിച്ചിട്ടില്ല.

E. അത്തരം പദ്ധതികളെക്കുറിച്ച് പരാമർശമേയില്ല.

**5.വിദ്യാർത്ഥികളുടെ പഠനനിലവാരം, ഭൗതികസാഹചര്യങ്ങൾ, സാമൂഹിക പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ കൃത്യമായ വിവരശേഖരണം നടത്തി തയ്യാറാക്കിയ ഒരു അവസ്ഥാ വിശകലന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാസ്റ്റർ പ്ലാൻ രൂപീകരിച്ചിട്ടുള്ളത്.**

A. പാഠ്യപദ്ധതിവിനിമയം, പഠനാന്തരീക്ഷം, ഭൗതികസാഹചര്യം, സാമൂഹിക ഇടപെടലുകൾ തുടങ്ങിയ എല്ലാ മേഖലകളിലും കൃത്യമായ ടൂളുകൾ (ചോദ്യാവലി, ചെക്ക്ലിസ്റ്റ്) ഉപയോഗിച്ച് വിവരശേഖരണം നടത്തി, അളവു പരമായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാസ്റ്റർ പ്ലാൻ രൂപീകരിച്ചിട്ടുള്ളത്.

B. പ്രധാനപ്പെട്ട മിക്ക മേഖലകളിലും അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ട്, എന്നാൽ ചിലയിടങ്ങളിൽ വിവരങ്ങൾ കൃത്യമായ ടൂളുകൾ ഉപയോഗിക്കാതെ പൊതുവായി രേഖപ്പെടുത്തിയിരിക്കുന്നു.

C. ഒന്നോ രണ്ടോ പ്രധാനമേഖലകളിൽ (ഉദാ: പഠനനിലവാരം) അവസ്ഥാവിശകലനം നടത്തിയിട്ടുണ്ട്.

D. അവസ്ഥാവിശകലനം നടത്തി എന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങളോ

കണ്ടെത്തലുകളോ ലഭ്യമല്ല.

E. അവസ്ഥാവിശകലനം നടത്താതെയയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

**6.അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, പിടിഎ, എസ്.എം.സി, ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ധർ എന്നിവരുടെ പങ്കാളിത്തം മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയയിൽ ഉറപ്പാക്കിയിട്ടുണ്ട്.**

A. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച എല്ലാവിഭാഗങ്ങളെയും (വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ, അക്കാദമികവിദഗ്ധർ) ഉൾക്കൊള്ളുന്ന സമിതി രൂപീകരിച്ച്, ഓരോ ഘട്ടത്തിലും അവരുടെ പങ്കാളിത്തം എങ്ങനെ ഉറപ്പാക്കി എന്നും, പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

B. അധ്യാപകർ, പിടിഎ, എസ്.എം.സി എന്നിവർക്ക് പുറമെ വിദ്യാർത്ഥി പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചെന്നും വ്യക്തമാക്കുന്നു.

C. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രധാനപ്പെട്ട വിഭാഗങ്ങളെ (പിടിഎ, എസ്.എം.സി, അധ്യാപകർ) ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

D. പിടിഎ/അധ്യാപകയോഗത്തിൽ ചർച്ചചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ആരുടെയൊക്കെ പങ്കാളിത്തം ഉറപ്പാക്കി എന്ന് വ്യക്തമല്ല.

E. പങ്കാളിത്തത്തെക്കുറിച്ച് പരാമർശമില്ല, അല്ലെങ്കിൽ അധ്യാപകർ മാത്രം ചേർന്ന് തയ്യാറാക്കിയതാണ്.

**7. അവസ്ഥാവിശകലനത്തിൽ കണ്ടെത്തിയ വെല്ലുവിളികളെയും പ്രശ്നങ്ങളെയും തീവ്രതയനുസരിച്ച് തരം തിരിച്ച് മുൻഗണന നൽകിയിട്ടുണ്ട്.**

A. കണ്ടെത്തിയ ഓരോ പ്രശ്നത്തെയും ലഘുതരം, ഗുരുതരം, തീവ്രം എന്നിങ്ങനെ തീവ്രതയനുസരിച്ച് തരം തിരിക്കുകയും, ഏറ്റവും തീവ്രമായ പ്രശ്നങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

B. പ്രശ്നങ്ങളെ പട്ടികപ്പെടുത്തുകയും അവയിൽ പ്രധാനപ്പെട്ടവയ്ക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്, എന്നാൽ തീവ്രതയനുസരിച്ച് തരം തിരിച്ചിട്ടില്ല.

C. വിദ്യാലയം നേരിടുന്ന ചില പ്രശ്നങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്.

D. പ്രശ്നങ്ങളെക്കുറിച്ച് പൊതുവായി പരാമർശിച്ചിട്ടേയുള്ളൂ, വ്യക്തമായി പട്ടികപ്പെടുത്തിയിട്ടില്ല.

E. പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടില്ല

**8. മുൻഗണന നൽകിയ ഓരോ പ്രശ്നത്തിന്റെയും കാരണങ്ങൾ കൃത്യമായി വിശകലനം ചെയ്യുകയും, ആ കാരണങ്ങൾ പരിഹരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.**

A. മുൻഗണന നൽകിയ ഓരോ പ്രശ്നത്തിന്റെയും അടിസ്ഥാനകാരണങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയും, ആ കാരണങ്ങൾ പൂർണ്ണമായി ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള നൂതനവും പ്രായോഗികവുമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

B. ഓരോ പ്രശ്നത്തിന്റെയും പ്രധാന കാരണങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

C. പ്രശ്നങ്ങളുടെ കാരണങ്ങൾ പൊതുവായി ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

D. പ്രശ്നപരിഹാരത്തിനായി ചില പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്, എന്നാൽ അവ പ്രശ്നത്തിന്റെ മൂലകാരണവുമായി നേരിട്ട് ബന്ധമുള്ളതാണോ എന്ന് വ്യക്തമല്ല.

E. പ്രശ്നകാരണങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടില്ല

**9.എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുന്നതിനോടൊപ്പം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, പഠനപിന്നോക്കാവസ്ഥ നേരിടുന്നവർ, സർഗശേഷിയുള്ളവർ എന്നിവർക്കായി സവിശേഷപിന്തുണാപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.**

A. ഓരോകുട്ടിയെയും ഒരുയൂണിറ്റായി പരിഗണിച്ച്, ഭിന്നശേഷിക്കാർ, സാമൂഹികമായി പിന്നാക്കംനിൽക്കുന്നവർ എന്നിവരുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

B. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പൊതുവായ ചില പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

C. എല്ലാ കുട്ടികൾക്കും ഒരേ തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്, സവിശേഷമായ പദ്ധതികൾ കുറവാണ്.

D. പരിഹാരബോധനത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്, എന്നാൽ വ്യക്തമായ പദ്ധതികളില്ല.

E. സവിശേഷപിന്തുണാ പ്രവർത്തനങ്ങളെക്കുറിച്ച് പരാമർശമില്ല.

**10.പാഠ്യവിഷയങ്ങൾക്കപ്പുറം വിദ്യാർത്ഥികളുടെ കലാ-കായിക-പ്രവൃത്തിപരിചയശേഷികൾ, ജീവിതനൈപുണികൾ, പാരിസ്ഥിതിക അവബോധം, ലിംഗസമത്വം തുടങ്ങിയവ വികസിപ്പിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിലുണ്ട്.**

A. പാഠ്യപദ്ധതിയുടെ ഭാഗമായ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് സജീവമായി ഇടപെടാൻ സംവിധാനമൊരുക്കുകയും ലിംഗസമത്വം, സുസ്ഥിരവികസനം തുടങ്ങിയ മൂല്യങ്ങൾ വളർത്താനുതകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

B. ക്ലബ്ബ്പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവയിലൂടെ കലാ-കായികശേഷികൾ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

C. കലാ-കായികമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്.

D. പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവായ പരാമർശം മാത്രം.

E. പാഠ്യവിഷയങ്ങൾക്ക് മാത്രം ഊന്നൽ നൽകുന്നു, മറ്റു മേഖലകളെക്കുറിച്ച് പരാമർശമില്ല.

**11. ക്ലാസ്സ്റൂം പഠനം ആസ്വാദ്യകരമാക്കുന്നതിനും വിഭവലഭ്യത ഉറപ്പാക്കുന്നതിനും ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബ്, കൈറ്റ് വിഭവങ്ങൾ തുടങ്ങിയ ആധുനിക പഠനപിന്തുണാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ മാസ്റ്റർ പ്ലാനിൽ പദ്ധതിയുണ്ട്.**

A. ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ തുടങ്ങിയ പഠനപിന്തുണാ സംവിധാനങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്യമാക്കാനും പരമാവധി പ്രയോജനപ്പെടുത്താനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അധ്യാപകർ അറിവുകൾ പുനർനിർമ്മിക്കാനുമുള്ള വ്യക്തമായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

B. ലാബ്, ലൈബ്രറി എന്നിവ ഉപയോഗിക്കുന്നതിനും കമ്പ്യൂട്ടർ പഠനം നടത്തുന്നതിനും പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

C. സ്കൂളിലുള്ള ഭൗതിക സൗകര്യങ്ങളെക്കുറിച്ച് (സ്മാർട്ട്ക്ലാസ്സ്റൂം, ലാബ്) പരാമർശിച്ചിട്ടുണ്ട്.

D. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് പറയുന്നു, എന്നാൽ അവ അക്കാദമിക പ്രവർത്തനങ്ങൾക്ക് എങ്ങനെ ഉപയോഗിക്കുമെന്ന് വ്യക്തമാക്കുന്നില്ല.

E. പഠനപിന്തുണാ സംവിധാനങ്ങളെക്കുറിച്ച് പരാമർശമില്ല.

**12.പാഠ്യപദ്ധതിവിഭാവനം ചെയ്യുന്ന എല്ലാ ഭാഷകളിലും ആശയവിനിമയശേഷി ആർജ്ജിക്കുന്നതിന് ഊന്നൽ നൽകുന്ന പ്രത്യേക പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**

A. മൂന്നുഭാഷകളിലും മികച്ച ആശയ വിനിമയശേഷി കൈവരിക്കുന്നതിന് ഓരോ ഭാഷയുടെയും സ്വഭാവമനുസരിച്ച് വൈവിധ്യമാർന്നതും നൂതനവുമായ പ്രവർത്തനങ്ങൾ (ഉദാ: പത്രവായന, പുസ്തകചർച്ച, ഡിജിറ്റൽ പതിപ്പുകൾ) വിശദമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

B. ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

C. ഭാഷാപഠനം മെച്ചപ്പെടുത്താനായി ചില പൊതുനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

D. ഭാഷാക്ലബ്ബുകൾ രൂപീകരിക്കുമെന്നു പറയുന്നു, എന്നാൽ പ്രവർത്തനങ്ങൾ വ്യക്തമാക്കിയിട്ടില്ല.

E. ഭാഷാപഠനത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടില്ല

**13. ഓരോ പ്രവർത്തനത്തിനും പേര്, ലക്ഷ്യം, നിർവഹണച്ചുമതല, കാലയളവ്, ആവശ്യമായ സാമ്പത്തിക സ്രോതസ്സ് എന്നിവ വ്യക്തമാക്കുന്ന ഒരു നിർവഹണരൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.**

A. ഓരോ പ്രവർത്തനത്തിനും ക്രമനമ്പർ, പേര്, കാലയളവ്, നിർവഹണച്ചുമതല, ആവശ്യമായ സാമ്പത്തികം, മറ്റ് വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വ്യക്തമായപട്ടിക (ഫോർമാറ്റ്) നൽകിയിട്ടുണ്ട്.

B. പ്രവർത്തനങ്ങൾ, ചുമതല, കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ സാമ്പത്തിക വശം വ്യക്തമാക്കിയിട്ടില്ല.

C. പ്രധാന പ്രവർത്തനങ്ങളും അവയുടെ ചുമതലയും രേഖപ്പെടുത്തിയിട്ടുണ്ട്.

D. ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്, എന്നാൽ മറ്റ് വിശദാംശങ്ങളില്ല.

E. പ്രവർത്തനങ്ങളുടെ നിർവഹണരൂപരേഖ നൽകിയിട്ടില്ല.

**14. വിദ്യാലയത്തിലെ അധ്യാപകരുടെ എണ്ണം, സമയ ലഭ്യത, ഭൗതിക സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾക്ക് മാസ്റ്റർ പ്ലാനിൽ മുൻഗണന നൽകിയിട്ടുണ്ട്.**

A. വിദ്യാലയത്തിലെ അധ്യാപകരുടെ എണ്ണം, വൈദഗ്ധ്യം, സമയ ലഭ്യത, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തി, പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതും നൂതനവുമായ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

B. നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പൊതുവെ പ്രായോഗികമാണ്, എന്നാൽ ചിലത് വിഭവ ലഭ്യതയെ ആശ്രയിച്ചിരിക്കും.

C. ധാരാളം പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്, എന്നാൽ അവയെല്ലാം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമോ എന്ന് സംശയമുണ്ട്.

D. പ്രായോഗികതയെക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പല പ്രവർത്തനങ്ങളും നടപ്പിലാക്കാൻ പ്രയാസമാണ്.

E. നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ സാഹചര്യത്തിൽ ഒട്ടും പ്രായോഗികമല്ല.

**15.മാസ്റ്റർ പ്ലാനിലെ നൂതനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അധ്യാപകർക്ക് ആവശ്യമായ പരിശീലനവും പിന്തുണയും നൽകുന്നതിനുള്ള പദ്ധതികൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്.**

A. അധ്യാപകർക്ക് ആധുനിക സാങ്കേതികവിദ്യയിലും പുതിയ ബോധനരീതികളിലും പരിശീലനം നൽകുന്നതിനും നിരന്തരം അറിവുകൾ പുതുക്കുന്നതിനും വ്യക്തമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

B. അധ്യാപകർക്ക് പരിശീലനം നൽകുമെന്ന് പരാമർശിച്ചിട്ടുണ്ട്.

C. അധ്യാപകശാക്തീകരണത്തെക്കുറിച്ച് പൊതുവായി സൂചിപ്പിച്ചിട്ടുണ്ട്.

D. അധ്യാപകരുടെ പങ്കിനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അവരുടെ ശാക്തീകരണത്തെക്കുറിച്ച് പറയുന്നില്ല.

E. അധ്യാപകശാക്തീകരണവുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശവുമില്ല.

**16.ഈ അധ്യയന വർഷത്തേക്ക്, ഓരോ മാസവും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു വിശദമായ പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.**

A. ഈ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ ആസൂത്രണംചെയ്ത്, ഓരോ മാസവും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കുകയും അവ സമയബന്ധിതമായി നടപ്പിലാക്കാൻ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

B. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏതൊക്കെ മാസങ്ങളിൽ നടക്കുമെന്ന് സൂചിപ്പിക്കുന്ന ഒരു കലണ്ടർ നൽകിയിട്ടുണ്ട്.

C. വാർഷികാടിസ്ഥാനത്തിലുള്ള ഒരു പ്രവർത്തനകലണ്ടർ നൽകിയിട്ടുണ്ട്.

D. കലണ്ടർ നൽകിയിട്ടില്ല, പക്ഷേ പ്രവർത്തനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

E. പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടില്ല.

**17.ഓരോ പ്രവർത്തനത്തിന്റെയും ഫലം വിലയിരുത്തുന്നതിനായി, വിദ്യാർത്ഥികളുടെ പുരോഗതിയിൽ അളക്കാൻ കഴിയുന്നതും പ്രകടവുമായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്.**

A. ഓരോ പ്രവർത്തനവും പൂർത്തിയാകുമ്പോൾ കുട്ടിക്കുണ്ടാകുന്ന പ്രയോജനം എന്തായിരിക്കുമെന്ന് മുൻകൂട്ടി കാണുകയും, അത് അളക്കാൻ കഴിയുന്ന വ്യക്തമായ സൂചകങ്ങളും തെളിവുകളും (ഉദാ: വായനാക്കുറിപ്പുകൾ, പ്രോജക്ട്റിപ്പോർട്ടുകൾ) ആസൂത്രണഘട്ടത്തിൽ തന്നെ നിശ്ചയിക്കുകയും

ചെയ്തിട്ടുണ്ട്.

B. ഓരോ പ്രവർത്തനത്തിനും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്

C. പ്രവർത്തനങ്ങളുടെ പൊതുവായ ലക്ഷ്യങ്ങൾ തന്നെയാണ് പ്രതീക്ഷിക്കുന്ന നേട്ടങ്ങളായും നൽകിയിട്ടുള്ളത് (ഉദാ: "കുട്ടികളുടെ വായനാശീലം വർദ്ധിക്കും").

D. അമൂർത്തമായ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നവയായി നൽകിയിരിക്കുന്നത്.

E. പ്രതീക്ഷിക്കുന്ന നേട്ടങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടില്ല.

**18.പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു സ്കൂൾതല മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും, പ്രതിമാസ അവലോകന യോഗങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.**

A. പിടിഎ പ്രസിഡന്റ്, എച്ച്.എം, അധ്യാപക പ്രതിനിധികൾ, അക്കാദമിക വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു സ്കൂൾതലമോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും, മാസാന്ത്യയോഗങ്ങളിൽ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

B. എസ്.ആർ.ജി തലത്തിലോ സ്റ്റാഫ് കൗൺസിൽ തലത്തിലോ മോണിറ്ററിംഗ് നടത്തുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

C. ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുമെന്ന്പറയുന്നു.

D. മോണിറ്ററിംഗിനെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും വ്യക്തമായ ഒരു സംവിധാനത്തെക്കുറിച്ച് പറയുന്നില്ല.

E. മോണിറ്ററിംഗ് സംവിധാനത്തെക്കുറിച്ച് ഒന്നും പറയുന്നില്ല.

**19.മോണിറ്ററിംഗിൽ കണ്ടെത്തുന്ന പുരോഗതിയും വെല്ലുവിളികളും വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്താനും, മാസ്റ്റർ പ്ലാൻ ഒരു സജീവരേഖയായി നിരന്തരം നവീകരിക്കാനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.**

A. ഇതൊരു സജീവരേഖയാണെന്നും പ്രയോഗങ്ങളുടെയും തിരിച്ചറിവുകളുടെയും അടിസ്ഥാനത്തിൽ നിരന്തരം നവീകരിക്കപ്പെടുമെന്നും വ്യക്തമാക്കുകയും, പുരോഗതി വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മാറ്റങ്ങൾ വരുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

B. ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുമെന്ന് പരാമർശിച്ചിട്ടുണ്ട്.

C. വർഷാവസാനം വിലയിരുത്തുമെന്ന് പറയുന്നു.

D. ഇതൊരു സ്ഥിരം രേഖയായി കണക്കാക്കുന്നു, മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് പറയുന്നില്ല.

E. നവീകരണസാധ്യതകളെക്കുറിച്ച് പൂർണ്ണമായും മൗനം പാലിക്കുന്നു.

**20.മാസ്റ്റർ പ്ലാനിന്റെ പുരോഗതിയും നേട്ടങ്ങളും നിശ്ചിത ഇടവേളകളിൽ ക്ലാസ് പിടിഎ, സ്കൂൾ വികസനസമിതി എന്നിവയിൽ അവതരിപ്പിച്ച് സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

A. രണ്ടു മാസം കൂടുമ്പോൾ ക്ലാസ് പിടിഎ യിൽ നേട്ടങ്ങൾ അവതരിപ്പിക്കാനും സമൂഹത്തിന് ബോധ്യപ്പെടാവുന്ന തരത്തിലുള്ള നിലവാര സൂചകങ്ങൾ ഉപയോഗിച്ച് പുരോഗതി പങ്കുവെക്കാനും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

B. പിടിഎ യോഗത്തിൽ മാസ്റ്റർ പ്ലാനിനെക്കുറിച്ച് ചർച്ച ചെയ്യുമെന്ന് പറയുന്നു.

C. പിടിഎ, എസ്.എം.സി എന്നിവയുടെ പിന്തുണ തേടുമെന്ന് പൊതുവായി പറയുന്നു.

D. സമൂഹത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് പരാമർശമുണ്ടെങ്കിലും അത് എങ്ങനെ ഉറപ്പാക്കുമെന്ന്പറയുന്നില്ല.

E. സമൂഹവുമായി പങ്കുവെക്കുന്നതിനെക്കുറിച്ച് പരാമർശമില്ല.

Signed by Shanavas S
Date: 25-06-2025 10:55:48

പൊതുവിദ്യാഭ്യാസ ഡയറക്ടർ